# सारस्वत वाणी

प्रकाशनः
संयुक्त गौड सारस्वत सभा, कालिकत

ANNUAL SUBSCRIPTION ₹ 12/-

खंड 42 अंक 3 (केवळ अंगा खातीर) मार्च 1, 2020



# SARASWATH VANI

Published By
SAMYUKTHA GOWD SARASWATH SABHA, CALICUT

Jayalakshmi®
THE BRIDAL DESTINATION
Move in Silk

ॐ

# श्री महालसा नारायणी प्रसन्ना:



*With Best Compliments From:*

**SADGURU MARBLE AND GRANITES**

BIS
100% Hall Marked Jewellery

100% BIS ഹോൾമാർക്ക്ഡ് ലൈറ്റ് വെയ്റ്റ്, ട്രഡീഷണൽ, ആന്റിക്ക്
വിവാഹാഭരണങ്ങളുടെ

# വിസ്മയിപ്പിക്കുന്ന കളക്ഷൻ

25 പവൻ വിവാഹാഭരണങ്ങൾ
**50 പവന്റെ പൊലിമയോടെ**

50 പവൻ വിവാഹാഭരണങ്ങൾ
**100 പവന്റെ പ്രൗഢിയിൽ**

AKSHAYA
JEWELLERS

GOLD · DIAMONDS · SILVER · GEM STONES
MELEPALAYAM ROAD, CALICUT-1
0495 27 28 916, 7012 73 73 56
Follow us on :

OPENS ON ALL SUNDAYS VALET PARKING AVAILABLE

# Saraswath Vani

*Published by*
**SAMYUKTHA GOWD SARASWATH SABHA**
SOORAJ JEWELLERS,
KAMMATH LANE, CALICUT - 673 001, PH : 2701420
Reg. No. 16 / 1974

**वांगडी:**

**तात्कालिक संपादक :**
**डि. शांताराम नायक**

**डॉ. बालगोपाल टि.एस.प्रभु**
**जि.संतोष पै**
**डॉ. आशा जयकुमार**

**अधिकाराक लागून वांगडी :**
**ऐम. कृष्णानंद कम्मत** (अद्यक्ष)
**जि. प्रभाकर कम्मत** (कार्यदर्शी)

खंड 42 | अंक 3 (केवळ अंगा खातीर) | मार्च 1, 2020

## मांडावळ


| | | पान |
|---|---|---|
| Cover Story | പയ്യന്നൂർ രമേഷ് പൈ | 7 |
| മഹാഭാരതത്തിലെ മസ്തിഷ്ക പ്രക്ഷാളനം | യു.ഗോപാൽ മല്ലർ | 13 |
| സ്കാൻഡിനേവിയൻ സുന്ദരികൾ | ഡോ. ആശാ ജയകുമാർ | 17 |
| ഭാരതീയ സ്ത്രീ: ഒരു വിഹഗാവലോകനം | ആർ.ഹരി | 25 |
| ഭാരത മാഹാത്മ്യം | പത്മജ് | 32 |
| തിരുവള്ളൂരിന്റെ ക്ഷമ | കൃഷ്ണവാദ്ധ്യാർ | 34 |
| खबर आनी घडणूक | | 43 |
| खास दीस | | 46 |


**ATTENTION PLEASE**

Materials, News items for publication in the Saraswath Vani should be sent to the following address before 25th of each month:

Editor, Saraswath Vani
Sooraj Jewellers
Kamath Lane
CALICUT - 673 001
e-mail: saraswathvani@gmail.com

# प्रार्थना

**मित्रस्याहं चक्षुषा सर्वाणि भूतानि समीक्षे**
**मित्रस्य चक्षुषा समीक्षामहे**

May I be able to look upon all beings with the eye of a friend. May we look upon one another with the eye of a friend.

# सुभाषितम्

**दर्शने स्पर्शने वापि श्रवणे भाषणे *f* पि वा।**
**यत्र दृवत्यन्तरंगः स स्नेह इति कथ्यते ।।**

(संगाभरणम्)

When even a touch, sight and spoken word comes out of the melting heart, it reveals true affection.

# अमृतवचनम्

Never fear shadows. They simply means there is a light shining somewhere nearby.

-Ruth Renkel

Cover Story

# എസ്.ജി. നായ്ക് എന്ന ചരിത്രപുരുഷൻ

പയ്യന്നൂർ രമേഷ് പൈ

വൈക്കത്തെ എസ്.ജി.നായ്ക്, താൻ ജീവിച്ചിരുന്ന കാലഘട്ടത്തിലെ പൗരപ്രമുഖനായിരുന്നു എന്നു പ്രസ്താവിച്ചാൽ അതു തീരെ അതിശയോക്തിയാവില്ല. തീർത്തും വിനയാന്വിതനായ ഒരു മനുഷ്യൻ. ഉള്ളുനിറയെ ദേശഭക്തി. ആത്മാവിൽ നിറയെ മാതൃഭാഷാസ്നേഹം. മനസ്സിൽ നിറയെ ഭാഷാഭിമാനം. മുഖത്തു നിറയെ പ്രതീക്ഷയും പ്രസന്നതയും. താൻ ജീവിക്കുന്ന സമുദായത്തിനും നാടിനും ഭാഷയ്ക്കും വേണ്ടി തന്നാലാവുന്നതെല്ലാം ചെയ്യാൻ അദ്ദേഹം പ്രതിജ്ഞാബദ്ധനായിരുന്നു.

അത്തരം ഒരു വലിയ മനുഷ്യന്റെ ജീവിതത്തെക്കുറിച്ചു മനസ്സിലാക്കാൻ നമുക്കു വളരെയൊന്നും ആധാരരേഖകൾ അവശേഷിച്ചിട്ടില്ല എന്ന വസ്തുത ഏറെചിന്തിപ്പിക്കുന്നു. വൈക്കത്തു ചെന്ന് അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെ തിരക്കിയപ്പോൾ കിട്ടിയ വളരെ ചുരുക്കം ചില വിവരങ്ങൾ സഹൃദയസമക്ഷം അവതരിപ്പിക്കാനുള്ള ഒരു എളിയശ്രമമാണ് ഇവിടെ നടത്തുന്നത് എന്ന് ആദ്യമേ പറഞ്ഞുകൊള്ളട്ടെ.

ശ്രീനിവാസ ഗോപാല നായ്ക് എന്നാണ് അദ്ദേഹത്തിന്റെ പൂർണനാമം. ശ്രീനിവാസ നായ്ക് എന്നായിരുന്നു പിതാവിന്റെ പേര്. വെട്ടിയംകാവ് എന്നത് കുടുംബപ്പേര്. കൊല്ലവർഷം 1076 കർക്കിടകത്തിൽ അദ്ദേഹം ജനിച്ചു. അതായത് ഇംഗ്ലീഷ്വർഷം 1901 മാർച്ചിൽ. വൈക്കം ഹൈസ്കൂളിൽ സ്കൂൾ ഫൈനൽവരെ പഠിച്ചശേഷം പന്ത്രണ്ടുകൊല്ലം സ്കൂൾ അധ്യാപകനായി ജോലി നോക്കി. മാതൃഭാഷയ്ക്കു പുറമേ ഹിന്ദിയിലും മലയാളത്തിലും ഇംഗ്ലീഷിലും അദ്ദേഹം പ്രാവീണ്യം നേടി.

ബഹുജനപ്രീതിയും പൊതുകാര്യ തൽപരതയും അദ്ദേഹത്തെ സ്വസമുദായത്തിലെ സജീവപ്രവർത്തകനാക്കി. വൈക്കത്തെ ജി.എസ്.ബി. സമാജത്തിന്റെ കാര്യദർശിയാക്കി. അന്നത്തെ കാശീമഠാധിപതിയായിരുന്ന ശ്രീമദ് സുകൃതീന്ദ്ര തീർത്ഥസ്വാമികളുടെ വൈക്കം സന്ദർശനത്തിന്റെ സ്മരണയ്ക്കായി 1917-ൽ എടുത്ത ഒരു ഛായാചിത്രത്തിൽ എസ്.ജി. നായ്ക്കും ഉണ്ട്. ശ്രീ. വി.വിശ്വേശ്വര നായ്ക് ആണ് ആ പഴയ ചിത്രം നൽകിയ തും എസ്.ജി. നായ്ക്കിനെഅതിൽ തിരിച്ചറിയുകയും കാണിച്ചുതരികയും ചെയ്തത്. (ആ അപൂർവ്വചിത്രം ഇവിടെ അന്യത്ര ചേർത്തിരിക്കുന്നത് കാണുക)

1920-25 കാലഘട്ടത്തിൽ കൊങ്കണിഭാഷയെക്കുറിച്ചുള്ള ചർച്ചകളും വിവാദങ്ങളും ഉയർന്നുവന്നിരുന്നു. ഗോവക്കാരനായ വാമൻ രഘുനാഥ് വലൗലിക്കർ എന്ന ഷേണായി ഗൊയിംബാബിന്റെ ലേഖനങ്ങളും പ്രഭാഷണങ്ങളും നാടാകെ മാറ്റൊലിക്കൊണ്ടു. ഭാഷാഭിമാനികൾക്കിടയിൽ ഒരു നവോത്ഥാനദിശ പ്രകടമായി. റാവുസാഹിബ് വി.പി. ച്യവൻ ആയിടെ ഷേണായി ഗോയിംബാബുമായി ബന്ധപ്പെട്ടിരുന്നു എന്നതിനു തെളിവുണ്ട്. രണ്ടുപേരും അക്കാലത്ത് ബോംബെയിൽ താമസിച്ചിരുന്നു എന്നത് ഈ സമ്പർക്കം വളർത്തിയെടുക്കാൻ കാരണമായി എന്നു സമാധാനിക്കാം.

എന്നാൽ എസ്.ജി. നായ്ക്കിന് വി.പി. ച്യവനെപരിചയപ്പെടാൻ എപ്രകാരം അവസരം കിട്ടി എന്നത് ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു. കാരണം ആ പരിചയം ഒരു ദീർഘകാലം നിലനിന്നു. കൊങ്കണി പഴഞ്ചൊല്ലുകളു

ടെ ഒരു പുസ്തകം തയ്യാറാക്കിക്കൊണ്ടിരുന്ന ചൃവൻസാഹിബിനു കേരളത്തിലെ ചില കൊങ്കണി പഴമൊഴികൾ എഴുതി അയച്ചുകൊടുക്കുകവഴി നായ്ക് വളരെ വലിയ ഉപകാരമാണു പിൻതലമുറയ്ക്കുതന്നെ ചെയ്തത്. നായ്ക് അയച്ചുകൊടുത്ത പഴഞ്ചൊല്ലുകൾ പരിശോധിച്ചത് മറ്റാരുമല്ല, സാക്ഷാൽ ഷേണായി ഗോയിംബാബു തന്നെ. 1923-ൽ പ്രസിദ്ധീകരിച്ച വി.പി.ചൃവന്റെ `Proverbs in Konkani Language' എന്ന പുസ്തകത്തിന്റെ മൂന്നാം പേജിൽ ഗ്രന്ഥകാരൻ പറയുന്നത് ശ്രദ്ധിക്കുക :

Among the many who have helped me, it will be invidious to select a few but all the same I cannot but express my thanks to my friend Shenai Wamanbab Varde Valavalikar, a well-known scholar of Konkani, who has helped me not only by cotnributing a good many proverbs but has also taken a good deal of trouble in going with me over the proverbs especially those sent over by my young and energetic friend Mr. S.G. Naik of Travancore.

തന്റെ പ്രഭാഷണങ്ങൾ അച്ചടിച്ചുവന്ന ഇംഗ്ലീഷ് പത്രങ്ങൾ ചൃവൻസാഹിബ് നായ്ക്കിനു അയച്ചുകൊടുത്തിട്ടുണ്ട്. ധാരാളം പോസ്റ്റ്കാർഡുകൾ എഴുതി പല വിവരങ്ങളും അഭിപ്രായങ്ങളും കൈമാറുക പതിവായിരുന്നു. 1924 ആയപ്പോഴേക്കും തന്റെ പണ്ഡിതോചിതമായ പ്രഭാഷണപരമ്പരയിലൂടെ കൊങ്കണിയുടെ വ്യുൽപത്തിയും പദസമ്പത്തിന്റെ വിശ്ലേഷണവും നടത്തിക്കൊണ്ട് റാവുസാഹിബ് ഡോ: വി.പി. ചൃവൻ തന്റെ പുസ്തകം പ്രകാശിപ്പിച്ചു. എസ്.ജി. നായ്ക്കിന് അതിന്റെ പ്രതി എത്തിക്കുകയും ചെയ്തു. അധികം താമസം കൂടാതെ തിരുവിതാംകൂറിലെ ഇംഗ്ലീഷറിയാത്ത കൊങ്കണികൾക്ക് ഇതിന്റെ പ്രയോജനം കിട്ടട്ടെ എന്നു കരുതി നായ്ക് ആ പുസ്തകം 'കൊങ്കണവും കൊങ്കണഭാഷയും' എന്ന പേരിൽ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി. തൃശ്ശൂരിലെ വിദ്യാവിനോദിനി പ്രസ്സിൽ അത് അച്ചടിക്കുകയുണ്ടായി. 1926-ൽ പുറത്തുവന്ന പ്രസ്തുത പരിഭാഷയുടെ പകർപ്പവകാശം ഒരു ഊഷ്മള സൗഹൃദത്തിന്റെ ബഹിർസ്ഫുരണമെന്ന നിലയിൽ വി.പി. ചൃവൻസാഹിബ് അവർകൾ നായ്ക്കിനുതന്നെ അനുവദിച്ചുകൊടുത്തതായി കാണാം. തുറവൂ രിലെ ആർ. മാധവ പൈ അവർകളുടെ ശ്രീ നരസിംഹവിലാസം വായനശാലയിലൂടെ അതു പുറത്തുവന്നതിനാൽ സാഹിത്യകാര്യങ്ങളിൽ ഏവരെയും പ്രോത്സാഹിപ്പിച്ചിരുന്ന അദ്ദേഹത്തിന്റെ സ്നേഹലാളനകൾ നായ്ക്കിനു സിദ്ധിച്ചു എന്നതു തീർച്ച.

വി.പി. ചൃവൻ എഴുതിയ മറ്റൊരു പുസ്തകം കൂടിയുണ്ട്: `Vaishnavism of the Gowd Saraswat Brahmins and a few Konkani Folklore Tales'. ഈ പുസ്തകത്തിലെ കൊങ്കണി നാടോടിക്കഥകളുടെ കൂട്ടത്തിൽ കേരളത്തിലെ 'ശെണാ ബാവ്‌ലി ആനി മെണാ ബാവ്‌ലി' എന്ന കഥയും പ്രത്യക്ഷപ്പെടുന്നുണ്ട്. ഇന്നും കേരളത്തിൽ പ്രചാരമുള്ള കഥയാണിത്. നായ്ക് ആണ് അത് ചൃവൻ സാഹിബിന് അയച്ചുകൊടുത്തതെന്നു വ്യക്തം. മാത്രവുമല്ല, 'വൈഷ്ണവമതവും ഗൗഡസാരസ്വതരും' എന്ന ശീർഷകത്തിൽ എസ്.ജി നായ്ക് 1099-ലെ സാരസ്വത വാർഷികഗ്രന്ഥത്തിൽ ഒരു ലേഖനം പ്രസിദ്ധീകരിക്കുകയും ചെയ്തു. ചൃവന്റെ പുസ്തകത്തിന്റെ മുഴുവൻ തർജ്ജമ അല്ലെങ്കിലും അതിന്റെ ഒരു സംഗ്രഹമായി ആ ലേഖനം നിലകൊള്ളുന്നു.

ആലപ്പുഴയിൽ സമ്മേളിച്ച തിരുവിതാംകൂർ ജി.എസ്.ബി പരിഷത്തിന്റെ ആഭിമുഖ്യത്തിൽ അവിടെനിന്നു കുറച്ചുകാലം പ്രസിദ്ധീകരിച്ചിരുന്ന 'സാരസ്വതബോധിനി' മാസികയുടെ 12-ാം ലക്കത്തിൽ നിന്നും (1099 കർക്കിടകം) രസകരമായ ഒരു വിവരം ലഭിക്കാനിടയായി. അതായത്, വ്യാകരണകാരൻ സാഹിത്യകുശലൻ എം. ശേഷഗിരിപ്രഭുവിന്റെ ദേഹവിയോഗത്തെത്തുടർന്ന് അദ്ദേ

ഹത്തിന്റെ നാമധേയത്തിൽ ഒരു ഗ്രന്ഥശാല സ്ഥാപിക്കുവാനും അതിൽ പരേത ന്റെ ഗ്രന്ഥശേഖരം ലഭ്യമാക്കുവാനും പരിഷത്ത് നിശ്ചയിച്ചു. അങ്ങനെപരിഷ ത്തിന്റെ ആഭിമുഖ്യത്തിൽ സ്വരൂപിച്ച ഗ്രന്ഥശാലാ ഫണ്ടിനുവേണ്ടി സംഭാ വനവാഗ്ദാനം ചെയ്തവരുടെയും പണം രൊക്കമായി നൽകിയവരുടെയും ഒരു പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ രണ്ടാമത്തെപട്ടികയിൽ കാണുന്ന 44-ാം പേര് എസ്.ജി. നായ്ക് എന്നാണ് !

"അമ്മംബാൽ സുബ്രായപ്പൈയെപ്പറ്റിയുള്ള സ്മരണകൾ" എന്ന ശീർഷ കത്തിൽ ബി. വാമനബാളിഗ ബി.എ.എൽ.ടി. എഴുതിയ ഇംഗ്ലീഷ് ലേഖനം 1926 -ൽ വാല്യം 3, ലക്കം നമ്പർ 5-ൽ 'സാരസ്വതബോധിനി'യിൽ പ്രസിദ്ധപ്പെടുത്തി യിരുന്നു. അത് എസ്.ജി. നായ്ക്ക് ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്ക് പരിഭാ ഷപ്പെടുത്തുകയുണ്ടായി. 'സാരസ്വതബോധിനി'യുടെ 1927 ജനുവരി, ഫെബ്രു വരി (വാല്യം 4, ലക്കം നമ്പർ 5 & 6) ലക്കങ്ങളിൽ പ്രത്യക്ഷപ്പെടുകയുണ്ടായി.

"ഭഗവാൻ ശ്രീകൃഷ്ണൻ" എന്ന തലക്കെട്ടോടെ എസ്.ജി. നായ്ക്ക് എഴു തിയ ഒരു ലേഖനം "സാരസ്വതമിത്രം" എന്ന മാസികയുടെ 1107 വൃശ്ചികം ലക്ക ത്തിൽ (1932, വാല്യം 1, ലക്കം നമ്പർ 4) പ്രസിദ്ധീകരിക്കുകയുണ്ടായി. കൊച്ചി യിൽനിന്ന് എസ്.വി. ഷേണായി മാനേജിംഗ് എഡിറ്ററായി ഇറക്കിയിരുന്നതാണ് ആ മാസിക.

ജി.എസ്.ബി. പരിഷത്തിന്റെ വിവിധ സമ്മേളനങ്ങളിൽ ഉയർന്നുവന്ന ആശയ ഫലമായി തിരുവിതാംകൂറിലെ പല സ്ഥലങ്ങളിലും പുതിയ ബാങ്കുകൾ സ്ഥാപി ക്കപ്പെട്ടു. അപ്രകാരം ഒരു ബാങ്ക് ഡി. നാരായണ പൈ അധ്യക്ഷനായുള്ള ഡയ റക്ടർബോർഡിന്റെ നേതൃത്വത്തിൽ വൈക്കം കേന്ദ്രമാക്കി പ്രവർത്തനമാരംഭി ക്കാനിടയായി. 'സാരസ്വത് ബാങ്ക്' എന്ന പേരിൽ തുടങ്ങിയ ആ ബാങ്കിന്റെ മാനേ ജിംഗ് ഡയറക്ടറുടെ ചുമതല എസ്.ജി.നായ്ക്കിനായിരുന്നു എന്നറിയുക കൗതു കകരമായിരിക്കും. ഈ വിവരം നാമറിയുന്നത് കായംകുളത്തുനിന്നും എസ്.കെ. കമ്മത്ത് പ്രസിദ്ധീകരിച്ചിരുന്ന 'ദി സാരസ്വത്' വാർഷികഗ്രന്ഥത്തിൽ നിന്നാണ്. 1109, 1110 ലക്കങ്ങളിൽ പ്രസ്തുത ബാങ്കിന്റെ ഒരു മുഴുപേജ് പരസ്യം പ്രത്യക്ഷപ്പെ ട്ടതായി കാണാം. അതിൽ എസ്.ജി. നായ്ക്കിന്റെ പേര് മാനേജിംഗ് ഡയറക്ട റായി ചേർത്തിട്ടുണ്ട്. ആ ബാങ്ക് എന്നു തുടങ്ങി, എത്രകാലം പ്രവർത്തിച്ചു, എവി ടെയൊക്കെ ശാഖകൾ തുറന്നു, ഓടിയത് ലാഭത്തിലോ നഷ്ടത്തിലോ തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള അന്വേഷണം ഈ ലേഖനത്തിനു പ്രസക്തമെന്നു തോ ന്നാത്തതിനാൽ ആ വഴിക്കു കൂടുതൽ ശ്രമിച്ചില്ല. എന്നാൽ ആ പരസ്യം ഒരു ചരി ത്രസാക്ഷ്യമായി നിലകൊള്ളുന്നു.

തന്റെ 'സാരസ്വത' വാർഷികഗ്രന്ഥത്തിലൂടെ എസ്.കെ. കമ്മത്ത് അമൂല്യമാ യ സേവനം അനുഷ്ഠിച്ചു. 1109-ലെ വാർ ഷികഗ്രന്ഥത്തിൽ അദ്ദേഹം എസ്.ജി. നായ്ക്കിനെക്കുറിച്ച് ഇപ്രകാരം ഒരു വ്യക്തിചരിതക്കുറിപ്പ് എഴുതിയിരുന്നതായി കാണാം (പേജ് 92) :

"നായ്ക്ക് എസ്സ്.ജി. : സ്വദേശം വൈക്കം. സ്കൂൾ അദ്ധ്യാപകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നു. വൈക്കത്ത് സ്ഥാപിച്ചിട്ടുള്ള സാരസ്വത ബാങ്കി (ക്ലിപ്തം)ന്റെ മാനേജിംഗ് ഡയറക്ടറാണ്. 'കൊങ്കണവും കൊങ്കണഭാഷയും' എന്ന പേരിൽ ഒരു പുസ്തകം മലയാളത്തിൽ എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്."

കുറേക്കൂടി വിവരങ്ങൾ ശേഖരിച്ച് 1110-ൽ (1935) ഇറക്കിയ അടുത്തവാർഷി കഗ്രന്ഥത്തിൽ എസ്.ജി. നായ്ക്കിനെപ്പറ്റി ഒരു വ്യക്തിചരിതക്കുറിപ്പ് വീണ്ടുംചേ ർത്തുകൊണ്ട് എസ്. കെ. കമ്മത്ത് നമുക്ക് ഇത്തിരികൂടി അറിവു നൽകുന്നത് കാ ണുക (പേജ് 72-73) :

"ഗോപാലനായ്ക്ക് എസ്സ്. (എസ്സ്.ജി. നായ്ക്ക്). ജനനം 1076 കർക്കടകം. പരേതനായ ശ്രീനിവാസ നായ്ക്കൻ അവർകളുടെ പുത്രൻ. വൈക്കം ഹൈസ്കൂളിൽനിന്നും സ്കൂൾ ഫൈനൽ വരെ പഠിച്ചശേഷം പന്ത്രണ്ടുകൊല്ലം സ്കൂൾ അദ്ധ്യാപകനായി ജോലിനോക്കി. വൈക്കം ജി.എസ്.ബി. സമാജത്തിന്റെ സെക്രട്ടറിയാണ്. സാരസ്വത ബാങ്കിന്റെ (ലിമിറ്റഡ്) മാനേജിംഗ് ഡയറക്ടറുമാകുന്നു. പല പത്രങ്ങളിലും മാസികകളിലും ലേഖനങ്ങൾ എഴുതിയിട്ടുള്ളതിനു പുറമെ 'കൊങ്കണവും കൊങ്കണഭാഷയും' എന്ന ഒരു പുസ്തകവും എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്."

പിന്നീട് 1944 ആയപ്പോഴേക്കും തന്റെ ആരാധ്യനായ കെ. നരസിംഹ പൈ എന്ന പൈമാസ്റ്റർ അന്തരിച്ചപ്പോൾ എസ്.ജി. നായ്ക് ഒരു ലേഖനമെഴുതി 'സാരസ്വതഭൂഷണം' മാസികയിൽ പ്രസിദ്ധപ്പെടുത്തി (1119-20 ഇടവം, മിഥുനം, കർക്കടകം, ചിങ്ങം). താൻ പരിഭാഷപ്പെടുത്തിയ പുസ്തകം വിറ്റഴിക്കാൻ നടത്തിയ പരിശ്രമത്തിൽ മറക്കാനാവാത്ത രണ്ട് അനുഭവങ്ങൾ പ്രസ്തുത ലേഖനത്തിൽ അദ്ദേഹം അയവിറക്കുന്നുണ്ട്.

ഇതിൽനിന്നും ഒരു കാര്യം വ്യക്തമാണ്. ഇന്നത്തെപ്പോലെ മൊബൈലും യാത്രാസൗകര്യങ്ങളും ഇല്ലാതിരുന്ന കാലത്തും വിവിധ പ്രദേശങ്ങളിൽ ചിതറിക്കിടക്കുന്ന തന്റെ സമൂഹത്തിന്റെ നന്മ ലാക്കാക്കി ബോധവൽക്കരണം നടത്താൻ അദ്ദേഹം നടത്തിയ പ്രവർത്തനം നിസ്തുലമാണ്. ജീവിതകാലം മുഴുവൻ അവിവാഹിതനായി കഴിഞ്ഞ അദ്ദേഹം ലക്ഷ്യബോധത്തോടെ ഏകാഗ്രമനസ്സോടെ പ്രവർത്തിച്ചു.

തന്റെ പരിഭാഷയ്ക്ക് പ്രചാരം നേടിക്കൊടുക്കാനുള്ള നായ്ക്കിന്റെ പരിശ്രമം സഫലമായി എന്ന് നമുക്കിന്നു തോന്നുമെങ്കിലും അർഹിക്കുന്ന പ്രോത്സാഹനം ലഭിച്ചില്ല എന്ന ഖേദം ഒരുപക്ഷേ ആ മനസ്സിനെഅലട്ടിയിട്ടുണ്ടാവാം. തന്റെ പുസ്തകത്തിന്റെ പ്രകാശനവുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന് ഒട്ടേറെ ക്ലേശങ്ങൾ നേരിടേണ്ടിവന്നിട്ടുണ്ട്. പ്രസാധകനായ മാധവപൈയെ തുറവൂരിൽ ചെന്ന് ഇടയ്ക്കിടെ ഓർമ്മിപ്പിക്കുകയും പുരോഗതി ധരിപ്പിക്കുകയും ചെയ്യുക, തൃശ്ശൂരിലെ വിദ്യാവിനോദിനി പ്രസ്സിൽ ചെന്ന് പ്രൂഫ് നോക്കുകയും പ്രതികൾ ശേഖരിക്കുകയും ചെയ്യുക, അച്ചടിച്ച കോപ്പികൾ താൽപര്യമുള്ളവരെ കണ്ട് വാങ്ങിപ്പിക്കാൻ പ്രേരിപ്പിക്കുക തുടങ്ങിയ ആവശ്യത്തിനായി ബോട്ടിലും തീവണ്ടിയിലുമായി അദ്ദേഹത്തിനു ധാരാളം യാത്രകൾ ചെയ്യേണ്ടിവന്നു.

1926 ൽ എസ്.ജി. നായ്ക് പരിഭാഷപ്പെടുത്തിയ 'കൊങ്കണവും കൊങ്കണഭാഷയും' എന്ന പുസ്തകം ചില അനുബന്ധ ലേഖനങ്ങൾ കൂടി ചേർത്തുകൊണ്ട് രണ്ടാം പതിപ്പായി 2012 ൽ എറണാകുളത്തെ പി.ജി. കമ്മത്ത് ഫൗണ്ടേഷൻ പ്രസിദ്ധീകരിക്കുകയുണ്ടായി.

കൊങ്കണിയിൽ സ്വന്തമായി ഒന്നുമെഴുതിയിട്ടില്ലെങ്കിലും കൊങ്കണിയെക്കുറിച്ചുള്ള വിവരങ്ങൾ പകർന്നുതന്ന അദ്ദേഹം ഒരു ചരിത്രപുരുഷന്റെ സ്ഥാനം അർഹിക്കുന്നു. അമ്പതു വയസ്സിനുശേഷമുള്ള 35 വർഷത്തെ ജീവിതകാലത്ത് നായ്ക്കിൽ നിന്ന് മറ്റു സാഹിത്യകൃതികൾ ലഭിക്കാതെപോയത് വലിയ നഷ്ടമായെന്നു തോന്നുന്നു. ബോംബെയിൽനിന്നുള്ള ഒരു ദീപസ്തംഭമായി വി.പി. ച്യവനും വൈക്കത്തുനിന്നുള്ള ഒരു ദീപസ്തംഭമായി എസ്. ജി. നായ്ക്കും കൊങ്കണിഭാഷാ സ്നേഹികൾക്കിടയിൽ ആദരിക്കപ്പെടുമെന്ന് തീർച്ച. ആ വെളിച്ചം നാം ഇപ്പോഴും അനുഭവിച്ചറിയുമ്പോൾ നമുക്കുചുറ്റും പടർന്ന ഇരുട്ടിന് കനംകുറയുന്നുണ്ടല്ലോ എന്നതു മാത്രമാണ് ഒരാശ്വാസം.

ഭാരതത്തിലുടനീളം സ്വാതന്ത്ര്യസമരത്തിന്റെ കാഹളം മുഴങ്ങിയപ്പോൾ ഗാന്ധിജിയുടെ മാർഗത്തിലൂടെ ചരിക്കുവാനും അദ്ദേഹം തയ്യാറായി.

സ്വാതന്ത്ര്യസമര പ്രക്ഷോഭത്തിൽ പങ്കെടുത്ത് അദ്ദേഹം ജയിൽവാസവും മർദ്ദനവും അനുഭവിച്ചു. രാഷ്ട്രഭാഷയുടെ പ്രചരണത്തിലും അദ്ദേഹം തന്റേതായ പങ്കുവഹിച്ചു. കേളപ്പജിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച വൈക്കം സത്യാഗ്രഹത്തിൽ അദ്ദേഹം പങ്കെടുത്തിരുന്നു.

ഗാന്ധിഭക്തനായിരുന്ന നായ്ക്കിനെഒരിക്കൽ ഗാന്ധിജി നിരാശപ്പെടുത്തുകയുണ്ടായി. 1930-ൽ ഉപ്പുസത്യാഗ്രഹം ആരംഭിച്ച വാർത്ത കേട്ട എസ്.ജി. നായ്ക് ഗാന്ധിജിക്ക് ഉടനെഒരു കത്തെഴുതി. സബർമതി ആശ്രമത്തിൽ ഗാന്ധിജി താമസിച്ചുവരികയായിരുന്നു. സത്യാഗ്രഹത്തിന്റെ വിജയത്തിനായി എന്തു സേവനത്തിനും താൻ ഒരുക്കമാണെന്നും ഗാന്ധിജിയുടെ നിർദ്ദേശത്തിനായി കാത്തിരിക്കുകയാണെന്നുമായിരുന്നു കത്തിന്റെ താൽപര്യം. ഗാന്ധിജിയുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന ശ്രീ. മഹാദേവ ദേശായി അതിനു മറുപടി അയച്ചു. തൽക്കാലം ഉടനെഅവിടെ സേവനം ആവശ്യമില്ലെന്നും വേണ്ടിവരുമ്പോൾ അറിയിച്ചുകൊള്ളാമെന്നുമായിരുന്നു മറുപടി. ഒരു പോസ്റ്റ്കാർഡായി ലഭിച്ച ആ മറുപടിക്കത്ത് ഒട്ടേറെക്കാലം നായ്ക് സൂക്ഷിച്ചുവെച്ചു. പിൽക്കാലത്ത് സ്വാതന്ത്ര്യസമരസേനാനിക്കുള്ള പെൻഷൻ ലഭിക്കുന്നതിലേക്ക് ഈ കത്ത് സഹായകമായെന്ന് അദ്ദേഹത്തിന്റെ ബന്ധുവും വൈക്കം നഗരസഭാദ്ധ്യക്ഷനായി ഒന്നിലേറെ തവണ വിജയിച്ച സാമൂഹ്യപ്രവർത്തകനുമായ ശ്രീ. എസ്. നരസിംഹ നായ്ക് അനുസ്മരിക്കുകയുണ്ടായി.

അദ്ദേഹം കുറച്ചുകാലം മണ്ണെണ്ണ വ്യാപാരത്തിലേർപ്പെട്ടിരുന്നതായി അറിയുവാൻ കഴിഞ്ഞു. ഉദ്യോഗത്തിൽ നിന്നും പിരിഞ്ഞശേഷം കുറേക്കാലം സർവ്വോദയസംഘത്തിന്റെ വൈക്കം ശാഖയുടെ കാര്യദർശിയായും പ്രവർത്തിച്ചു. ചർക്കയിൽ നൂൽനൂൽക്കുന്നതിന് വശമായിരുന്നതിനാൽ അദ്ദേഹം വൈക്കത്തെ സ്വദേശാഭിമാനികളെ ചർക്ക ഉപയോഗിക്കാൻ പരിശീലിപ്പിച്ചു. അതുകൊണ്ട് 'ചർക്ക അപ്പൂപ്പൻ' എന്ന ഓമനപ്പേരും സമ്പാദിച്ചു. സർവ്വോദയസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ഖാദി സ്റ്റോർ തുറന്നപ്പോൾ അദ്ദേഹമായിരുന്നു അതിന്റെ മാനേജർ. ഒരിക്കൽ ആകാശവാണിയിൽ അദ്ദേഹവുമായുള്ള അഭിമുഖം പ്രക്ഷേപണം ചെയ്യുകയുണ്ടായി.

ഗാന്ധിജിയുടെ നിര്യാണശേഷം ഒരു 'ന്യൂസ്റീൽ' നിർക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന്റെ ഫിലിംസ് ഡിവിഷൻ കേരളത്തിലെത്തിയപ്പോൾ ഗാന്ധിജിയുടെ രൂപസാദൃശ്യമുണ്ടായിരുന്ന എസ്.ജി. നായ്ക്കിനെവെച്ച് ചില രംഗങ്ങൾ ചിത്രീകരിച്ചിരുന്നതായി വയോധികനായ ഒരു വൈക്കം സ്വദേശി പറഞ്ഞുതന്നത് ഇത്തരുണത്തിൽ ഓർക്കുന്നു.

സ്വാതന്ത്ര്യസമരസേനാനികൾക്കുള്ള കേന്ദ്രസർക്കാരിന്റെയും സംസ്ഥാനസർക്കാരിന്റെയും പെൻഷനുകൾ അദ്ദേഹത്തിന് ലഭിച്ചുകൊണ്ടിരുന്നു. വലിയൊരു തുക അല്ലായിരുന്നെങ്കിലും താൻ താമസിക്കുന്ന കുടുംബത്തിലെ സഹോദരപുത്രനെഇത് മാസംതോറും ഏൽപ്പിക്കുക പതിവായിരുന്നു. സഹോദരന്റെ കുടുംബത്തിലെ സാമ്പത്തികപ്രശ്നങ്ങൾ അലട്ടിയിരുന്ന അദ്ദേഹത്തിന്റെ മനസ്സിന് ഇത് ഇത്തിരി ആശ്വാസം പകർന്നു.

ഏറെ താമസിയാതെ അദ്ദേഹം ബാംഗ്ലൂരിലേക്ക് താമസം മാറ്റി. അവിടെ മൂത്തജ്യേഷ്ഠന്റെ പുത്രന്റെ കുടുംബത്തോടൊപ്പം ശേഷിച്ചകാലം കഴിച്ചുകൂട്ടി. അവിടെവെച്ച് പ്രമേഹംമൂലം അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും കാൽപ്പാദത്തിന്റെ ഒരുഭാഗം മുറിച്ചുമാറ്റേണ്ടിവരികയും ചെയ്തു. വീട്ടിൽ മടങ്ങിയെത്തി രണ്ടുദിവസം അദ്ദേഹം അസ്വസ്ഥനായി കാണപ്പെട്ടു. 1985 മാർച്ച് 8-ന് അദ്ദേഹം നിര്യാതനായി.

വൈക്കത്തുണ്ടായിരുന്ന അവരുടെ കുടുംബവസ്തു വിറ്റ് ജ്യേഷ്ഠപുത്രനും

കുടുംബാംഗങ്ങളും ബാംഗ്ലൂർക്ക് സ്ഥിരതാമസം മാറ്റി. കാലക്രമേണ നായ്ക്കിനെക്കുറിച്ചുള്ള വ്യക്തിപരമായ വിവരങ്ങൾ പലരുടെയും ഓർമ്മകളിൽനിന്ന് അൽപാൽപമായി മാഞ്ഞുതുടങ്ങിയിരിക്കുന്നു.

അദ്ദേഹത്തിന്റെ സഹോദര പൗത്രിയായ റിങ്കുവിനെഗോവയിൽ ചെന്നു കണ്ടപ്പോൾ ചിറ്റപ്പനെക്കുറിച്ചുള്ള ഓർമ്മകൾ അവർ ഒപ്പിയെടുത്തത് ഇപ്രകാരമായിരുന്നു :

Also I would like to share some of my own memories of my Appappa Mr. S. Gopal Naik. He was very simple and kind. He used to get 2 pensions for his service to the nation during the freedom struggle which he would totally hand over to my mother for running the household. He was fully aware of the hard times we were going thru' financially and would go all out to help us. A few days before his death he was admitted to hospital as his toe was to be operated upon for gangrene. My parents and we were all by his side to help mother for running the household. He was fully aware of the hard times we were going thru' financially and would go all out to help us. A few days before his death he was admitted to hospital as his toe was to be operated upon for gangrene. My parents and we were all by his side to help him cope. The operation was successful and we brought him home. Two days before his death I remember peeping into his room and finding him on his bed, both hands folded in prayer. Two days later he breathed his last. My first close encounter with death was of my Appappa. Little did we realise that we were losing a great soul !


## FORM IV (See Rule 6)

| | | | |
|---|---|---|---|
| 1. | Place of Publication | : | Calicut |
| 2. | Periodicity of Publication | : | Monthly |
| 3. | Printer's Name | : | K. Surendra Rao |
| 4. | Whether Citizen of India | : | Yes |
| 5. | Address | : | Editor, Saraswath Vani, Sooraj Jewellers, Kamath Lane Calicut - 673 001 |
| 6. | Publisher's Name | : | K. Surendra Rao |
| 7. | Editor's Name | : | K. Surendra Rao |
| 8. | Name and address of Individuals who own the news paper and partners or share holders holding more than one percent of the total capital | : | Samyuktha Gowd Saraswath Sabha, C/o. Sooraj Jewellers, Calicut - 673 001 |

I. K. Surendra Rao hereby declare that the particulars given above are true to the best of my knowledge and belief

01-03-2020 Sd/-

# മഹാഭാരതത്തിലെ മസ്തിഷ്ക പ്രക്ഷാളനം

യു.ഗോപാൽ മല്ലർ

ബ്രേൻവാഷിങ് (മസ്തിഷ്ക പ്രക്ഷാളനം) എന്ന സംജ്ഞ കഴിഞ്ഞ നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ആദ്യമായി പ്രയോഗിച്ചത് അമേരിക്കൻ പത്രകാരനായ എഡ്വേർഡ് ഹൺടർ ആയിരുന്നു. ഭാരതത്തിന് അഭിമാനിക്കുവാൻ എന്തെങ്കിലും വകയുണ്ടെങ്കിൽ, അത് ബ്രിട്ടീഷുകാരുടെ ആഗമനത്തിനു ശേഷം അവർ നമുക്ക് സമ്മാനിച്ച കാര്യങ്ങൾ മാത്രമാണെന്ന് വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന, മെക്കാളെ പ്രഭുവിന്റെ മാനസപുത്രന്മാരായ ഇവിടത്തെ 'കറുത്ത സായ്പന്മാരായ' ചരിത്രകാരന്മാരും ചിന്തകന്മാരും ബുദ്ധിജീവികളുമെല്ലാം മസ്തിഷ്കപ്രക്ഷാളനത്തിന് ഇരകളായി തീർന്ന, അതിന്റെ ചരിക്കുന്ന പ്രതീകങ്ങളാണ് എന്ന് പറയാം.

മഹാഭാരതയുദ്ധം അനിവാര്യമാണെന്ന് തോന്നിയ ഘട്ടത്തിൽ, തന്റെ സന്തതികളുടെ സർവനാശത്തിന് കാരണമായി തീർന്നേക്കാവുന്ന യുദ്ധം ഒഴിവാക്കാനുള്ള അവസാന ശ്രമമെന്ന നിലക്ക് ധൃതരാഷ്ട്രർ തന്റെ ഉപദേശകനും തേരാളിയുമായ സഞ്ജയനെ പാണ്ഡവരെ കാണുവാനായി ഉപപ്ലവ്യത്തിലേക്ക് അയച്ചു. അവിടെ എത്തിയ സഞ്ജയൻ, ധൃതരാഷ്ട്രർ ഏല്പിച്ച ദൗത്യം നിറവേറ്റിയതുകൊണ്ട് മാത്രം തൃപ്തിവരാതെ സ്വന്തം നിലക്ക് യുധിഷ്ഠിരനെ ഇപ്രകാരം ഉപദേശിക്കുന്നു:

"പാണ്ഡുപുത്രാ, അങ്ങയുടെ ഓരോ പ്രവൃത്തിയും ധർമ്മാനുസൃതം മാത്രമായിരിക്കും. അങ്ങയുടെ ധർമ്മയുക്തമായ പ്രവൃത്തികൾ ജനങ്ങൾക്കിടയിൽ വിഖ്യാതമാണെന്ന് മാത്രമല്ല, പ്രത്യക്ഷത്തിൽ കാണാനാവുകയും ചെയ്യുന്നു. ഈ ജീവിതം അനിത്യമാണെന്നിരിക്കിലും, അതിലൂടെ മഹത്തായ യശസ്സ് നേടാനാകും. താങ്കൾ ജീവിതത്തിന്റെ അനിത്യതയെക്കുറിച്ച് ഓർക്കുകയും അങ്ങയുടെ കീർത്തി നഷ്ടപ്പെടുത്താതിരിക്കുകയും വേണം. അല്ലയോ അജാതശത്രു, യുദ്ധം കൂടാതെ കൗരവർ താങ്കൾക്ക് അവകാശപ്പെട്ട രാജ്യത്തിന്റെ പങ്ക് നൽകില്ലെന്ന് വരികിൽപോലും, അന്ധകരുടെയും വൃഷ്ണിവംശജരായ ക്ഷത്രീയരുടെയും രാജ്യങ്ങളിൽ ചെന്ന് ഭിക്ഷയെടുത്ത് ജീവിക്കുന്നതാണ് താങ്കളെ സംബന്ധിച്ച് ശ്രേഷ്ഠം എന്ന് ഞാൻ കരുതുന്നു; യുദ്ധം ചെയ്ത് രാജ്യം കരസ്ഥമാക്കുന്നത് നല്ലതാണെന്ന് ഞാൻ കരുതുന്നില്ല. മനുഷ്യന്റെ ഈ ജീവിതം വളരെ കുറച്ചുസമയം മാത്രമേ നിലനിൽക്കൂ. അതിനെ ക്ഷീണിപ്പിക്കുന്ന മഹാദോഷങ്ങൾ അതിന് കിട്ടിക്കൊണ്ടിരിക്കും. അത്കൊണ്ട് അങ്ങ് യുദ്ധരൂപത്തിലുള്ള പാപം ചെയ്യരുത്. അത് താങ്കളുടെ യശസ്സിന് അനുഗുണമായ കാര്യമല്ല. അല്ലയോ നരേന്ദ്ര, ധർമ്മാചരണത്തിന് വിഘ്നം സൃഷ്ടിക്കുന്ന ആഗ്രഹങ്ങൾ മനുഷ്യനെ അവയുടെ പക്കലേക്ക് പിടിച്ചുവലിക്കുന്നു. അതുകൊണ്ട് ബുദ്ധിമാനായ മനുഷ്യൻ ആദ്യം അത്തരം ആഗ്രഹങ്ങളെ നശിപ്പിക്കുകയും അതിന്ശേഷം ലോകത്ത് നിർമ്മലമായ പ്രശംസക്ക് പാത്രമായി തീരു

കയും ചെയ്യുന്നു. അല്ലയോ കുന്തീപുത്രാ, ഈ പ്രപഞ്ചത്തിൽ പണത്തിനു വേണ്ടിയുള്ള തൃഷ്ണയാണ് ബന്ധനത്തിന് കാരണമാകുന്നത്. പണത്തിന് വേണ്ടിയുള്ള തൃഷ്ണയിൽ അകപ്പെടുന്നവന് അവന്റെ ധർമ്മവും നഷ്ടപ്പെടുന്നു. ധർമ്മത്തെ ആരാണോ വരിക്കുന്നത്, അവനാണ് ജ്ഞാനി. ഭോഗങ്ങളെ ആഗ്രഹിക്കുന്ന മനുഷ്യൻ ധനാസക്തനായി തീരുന്നതിനാൽ ധർമ്മഭ്രഷ്ടനായി ഭവിക്കുന്നു. ധർമ്മം, അർത്ഥം, കാമം എന്നീ മൂന്നു കാര്യങ്ങളിൽ ധർമ്മത്തെ പ്രധാനമായി കണ്ട് തദനുസൃതമായി ജീവിക്കുന്ന മനുഷ്യൻ മഹാപ്രതാപിയായി തീർന്ന് സൂര്യനെപ്പോലെ തിളങ്ങുന്നു; അതേസമയം, ധർമ്മവിഹീനനായി തീർന്ന ആരുടെ ബുദ്ധിയാണോ പാപത്തിൽ മുഴുകിയിരിക്കുന്നത്, അയാൾ ഈ ലോകം മുഴുവനും കയ്യടക്കിയാൽ പോലും കഷ്ടം തന്നെയായിരിക്കും അനുഭവിക്കുക. അങ്ങ് പരലോകത്തിൽ വിശ്വാസമർപ്പിച്ച് വേദങ്ങളുടെ അധ്യയനം, ബ്രഹ്മചര്യപാലനം, യജ്ഞാനുഷ്ഠാനങ്ങൾ എന്നിവ അനുഷ്ഠിക്കുകയും, ബ്രാഹ്മണർക്ക് ദാനം നൽകുകയും ചെയ്തുകൊണ്ട് അനന്തവർഷങ്ങൾ അവിടത്തെ സുഖം അനുഭവിക്കുന്നതിനായി അങ്ങയെ സ്വയം സമർപ്പിച്ചിരിക്കയാണല്ലോ. ഏതൊരു മനുഷ്യനാണോ നിരന്തരം ഭോഗങ്ങളിലും പുത്രകളത്രാദികളിലും രമിക്കുന്നത്, യോഗാഭ്യാസത്തിന് ഉതകുന്ന കാര്യങ്ങൾ ചെയ്യാതെ ഇരിക്കുന്നത്, സാമ്പത്തികമായി ക്ഷയിക്കുമ്പോൾ കാമാസക്തിയാൽ അത്യന്തം ക്ഷുഭിതനായി തീരുന്ന അയാൾ സദാസമയം ദുഃഖശയ്യയിൽ കിടക്കുന്നു. ആരാണോ ബ്രഹ്മചര്യം പാലിക്കാതെ, ധർമ്മത്തെ ത്യജിച്ച് അധർമ്മത്തെ ആചരിക്കുന്നത്, ഏതൊരു മൂഢനാണോ പരലോകത്തിൽ വിശ്വസിക്കാത്തത്, ആ ഹതഭാഗ്യൻ മനുഷ്യശരീരം ത്യജിച്ചശേഷം പരലോകത്ത് വലിയ കഷ്ടം അനുഭവിക്കുന്നു. പുണ്യമായാലും പാപമായാലും, യാതൊരു കർമ്മങ്ങളും പരലോകത്ത് നശിച്ചുപോകുന്നില്ല. ആദ്യം പരലോകത്തെത്തുക കർത്താവിന്റെ പുണ്യപാപങ്ങളാണ്; അവയ്ക്ക് പിന്നാലെ കർത്താവും! വൃദ്ധിശ്രാദ്ധം മുതലായ അവസരങ്ങളിൽ അങ്ങ് ഉത്തമമായ ദക്ഷിണയോടെ ബ്രാഹ്മണർക്ക് ന്യായപൂർണമായി ആർജ്ജിച്ച ധാരാളം പണവും, ശ്രദ്ധയോടെ ഉത്തമമായ ഗന്ധയുക്തവും സ്വാദിഷ്ടവും പവിത്രവുമായ അന്നവും ദാനം ചെയ്യുന്നു എന്നപേരിൽ അങ്ങ് ചെയ്യുന്ന കർമ്മങ്ങൾ വിഖ്യാതമാണ്. കുന്തീപുത്രാ, ഈ ശരീരം നിലനിൽക്കുമ്പോൾ മാത്രമെ ഏതെങ്കിലും സദ്കർമ്മം ചെയ്യാനാകൂ. മരണാനന്തരം ഒരു കാര്യവും ചെയ്യാനാവില്ല. അങ്ങ് സാധുക്കൾപോലും പ്രകീർത്തിക്കുന്നവിധം, പരലോകത്ത് സുഖം നൽകാൻ പോന്ന പുണ്യകാര്യങ്ങൾ ചെയ്തിട്ടുണ്ട്. (പുണ്യാത്മാവായ) മനുഷ്യൻ (സ്വർഗ്ഗലോകത്തെത്തി) മരണം, വാർദ്ധക്യം, ഭയം എന്നിവയെ ഉപേക്ഷിക്കുന്നു. അവിടെ അവന് മനസ്സിന് പ്രതികൂലമായ വിശപ്പ്, ദാഹം മുതലായ കഷ്ടതകളും സഹിക്കേണ്ടിവരില്ല. പരലോകത്ത് ഇന്ദ്രിയസുഖങ്ങൾ നൽകുന്നവയല്ലാത്ത ഒരു കർത്തവ്യവും ബാക്കിയാകുന്നില്ല. അല്ലയോ നരേന്ദ്ര, ഇപ്രകാരം ഹൃദയത്തിന് പ്രിയമെന്ന് തോന്നുന്ന വിഷയങ്ങളിൽ നിന്ന് കർമ്മഫലത്തിനു വേണ്ടി പ്രാർത്ഥിക്കരുത്. താങ്കൾ ക്രോധജനിതമായ നരകലോകത്തും ഹർഷജനിതമായ സ്വർഗ്ഗലോകത്തും ഒരിക്കലും പോകരുത് (എന്നാൽ സനാതനമായ മോക്ഷസുഖത്തിനായി നിഷ്കാമകർമ്മം അഥവാ

ജ്ഞാനയോഗം അനുഷ്ഠിക്കണം). ഇത്തരത്തിൽ (ജ്ഞാനാഗ്നിയിലൂടെ) കർമ്മ ങ്ങളെ ചാമ്പലാക്കി, സത്യം, ദമം,ആർജ്ജവം, അനൃശംസത എന്നീ ഗുണങ്ങളെ ഒരിക്കലും ത്യജിക്കരുത്. അശ്വമേധം, രാജസൂയം, മറ്റ് യജ്ഞങ്ങൾ, ഇവയെ ഒരി ക്കലും ഉപേക്ഷിക്കരുത്. അതേസമയം, യുദ്ധം പോലുള്ള പാപകർമ്മങ്ങളുടെ അരികിൽ വീണ്ടുമൊരിക്കലും പോകരുത്. കുന്തീപുത്രാ, രാജ്യത്തിനു വേണ്ടി നിങ്ങൾക്ക് ചിരസ്ഥായിയായ വിദ്വേഷത്തിന്റെ രൂപത്തിലുള്ള പാപകർമ്മമാണ് ചെയ്യേണ്ടിവരുന്നതെങ്കിൽ, പകരം നിങ്ങൾ വളരെയധികം വർഷങ്ങളോളം വന വാസമാകുന്ന ബുദ്ധിമുട്ടനുഭവിക്കുന്നതാണ് നല്ലതെന്ന് ഞാൻ പറയും. പാണ്ഡവന്മാരെ, ആ വനവാസം തന്നെയാണ് നിങ്ങൾക്ക് ധർമ്മരൂപമായി ഭവി ക്കുക. ആദ്യംതന്നെ (ചൂതിന് മുമ്പ്) ബലപ്രയോഗത്തിലൂടെ അവരെ സ്വന്തം വശത്താക്കി, കാട്ടിൽപോകാതെ കഴിക്കാമായിരുന്നല്ലോ! കാരണം, ഇപ്പോൾ ഒരുമിച്ചുകൂടിയ സേന നിങ്ങളുടെ തന്നെ അധീനതയിൽ ആയിരുന്നു എന്നതോ ടൊപ്പം ഭഗവാൻ ശ്രീകൃഷ്ണനും വീരനായ സാത്യകിയും സദാ നിങ്ങളുടെ തന്നെ ഭാഗത്ത് സഹായികളായി ഉണ്ടായിരുന്നല്ലോ. പ്രഹരിക്കാൻ കുശലരായ വീരസൈനികർ, സ്വന്തം പുത്രന്മാർ എന്നിവരോടൊപ്പം സുവർണമയമായ രഥ ത്താൽ സുശോഭിതനായ മത്സ്യദേശത്തെ രാജാവ് വിരാടനും. നിങ്ങൾ യുദ്ധ ത്തിൽ ജയിച്ച മറ്റ് അനേകം രാജാക്കന്മാരും യുദ്ധത്തിൽ നിങ്ങളുടെ പക്ഷത്ത് നിൽക്കുമായിരുന്നല്ലോ! ആ സമയത്ത് അങ്ങ് മഹാന്മാരായ സഹായകന്മാരോടു കൂടിയ ബലശാലിയായിരുന്നു. താങ്കൾക്ക് ശ്രീകൃഷ്ണന്റെയും അർജ്ജുന ന്റെയും മുന്നിൽ നിന്നുകൊണ്ട് ശത്രുക്കളെ ആക്രമിക്കാമായിരുന്നു. രണാംഗണ ത്തിൽ, മഹാന്മാരായ അങ്ങയുടെ ശത്രുക്കളെ സംഹരിച്ചുകൊണ്ട് അഹങ്കാരി യായ ദുര്യോധനനെ അങ്ങയ്ക്ക് തവിടുപൊടി ആക്കാമായിരുന്നു. പാണ്ഡുപു ത്രാ, പിന്നെ അങ്ങ് എന്തിനാണ് ശത്രുക്കൾക്ക് അവരുടെ ശക്തി വർദ്ധിപ്പിക്കാ നുള്ള അവസരം നൽകിയത്? പിന്നെന്തിനാണ് അങ്ങ് അങ്ങയുടെ സഹായി കളെ ദുർബലരാക്കിയതും പന്ത്രണ്ട് വർഷം വനവാസമനുഷ്ഠിച്ചതും? ഇന്നി പ്പോൾ അനുകൂലമായ ആ അവസരം നഷ്ടപ്പെട്ടശേഷം താങ്കൾക്ക് യുദ്ധം ചെയ്യാനുള്ള ഔത്സുക്യം എങ്ങനെയുണ്ടായി? പാണ്ഡുപുത്രാ, അജ്ഞാനി യായ അഥവാ പാപിയായ മനുഷ്യനും യുദ്ധം ചെയ്ത് സമ്പത്ത് നേടുന്നു; ബുദ്ധിമാനായ അഥവാ ധർമ്മജ്ഞനായ മനുഷ്യനും ദൈവീബാധ കാരണം പരാജിതനായി, ഐശ്വര്യം നഷ്ടപ്പെട്ടവനായിത്തീരുന്നു. കുന്തീപുത്രാ, അങ്ങ യുടെ ബുദ്ധിയൊരിക്കലും അധർമ്മം ചെയ്യാനൊരുമ്പെടില്ല; അങ്ങ് കോപാവേ ശത്താൽപോലും ഒരിക്കലും പാപകർമ്മം ചെയ്തിട്ടില്ല. അതുകൊണ്ട് പറയൂ, ഏത് പ്രബലമായ കാരണത്താലാണ് അങ്ങ് സ്വന്തം ബുദ്ധിക്ക് വിരുദ്ധമായി യുദ്ധം പോലുള്ള പാപകർമ്മം ചെയ്യാൻ ആഗ്രഹിക്കുന്നത്? മഹാരാജാവെ, യാതൊരു സുഖവും കൂടാതെ ഉണ്ടാകുന്ന, കയ്പ്പുള്ള,തലവേദന സൃഷ്ടിക്കു ന്ന, യശസ്സ് ഇല്ലാതാക്കി പാപരൂപത്തിലുള്ള ഫലം പ്രകടമാക്കുന്ന, സജ്ജന ങ്ങൾക്ക് മാത്രം കുടിക്കാൻ യോഗ്യമായ, അസാധുക്കളായ പുരുഷന്മാർ കുടി ക്കാത്ത ക്രോധത്തെ കുടിച്ചുകൊണ്ട് അങ്ങ് ശാന്തനായിത്തീരൂ. പാപത്തിന്റെ മൂലമായ ആ ക്രോധത്തെ ആരാണ് ആഗ്രഹിക്കുക? അങ്ങയുടെ കാഴ്ചപ്പാടിൽ, ശന്തനുപുത്രനായ ഭീഷ്മനെയും, പുത്രസമേതനായി ആചാര്യദ്രോണനെയും വധിച്ചുകൊണ്ട് നേടേണ്ട ഭോഗമല്ല. ക്ഷമയാണ് ഏറ്റവും ശ്രേഷ്ഠമായ വസ്തു.

കുന്തീപുത്രാ, കൃപാചാര്യൻ, ശല്യൻ, ഭൂരിശ്രവൻ, വികർണ്ണൻ, വിവിംശതി, കർണ്ണൻ, ദുര്യോധനൻ എന്നിവരെയെല്ലാം വധിച്ച് എന്ത് സുഖമാണ് താങ്കൾ നേടാൻ പോകുന്നതെന്ന് ദയവുചെയ്ത് പറഞ്ഞാലും! രാജൻ, സമുദ്രംവരെ നീണ്ടുകിടക്കുന്ന പൃഥ്വിയെ മുഴുവൻ നേടിയാലും ജരാ-മൃത്യു, പ്രിയം-അപ്രിയം, സുഖം- ദുഃഖം എന്നിവയിൽ നിന്ന് ശരീരം രക്ഷപ്പെടില്ല. താങ്കൾക്ക് ഈ കാര്യങ്ങളെല്ലാം നല്ലവണ്ണം അറിയാം. അതുകൊണ്ട് അങ്ങു് യുദ്ധം ചെയ്യരുതെന്ന് ഞാനഭ്യർത്ഥിക്കുന്നു.താങ്കളുടെ മന്ത്രിമാരുടെ ആഗ്രഹപ്രകാരമാണ് പാപമയമായ യുദ്ധം ചെയ്യാൻ അങ്ങ് ആഗ്രഹിക്കുന്നതെങ്കിൽ, അങ്ങയുടെ സർവ്വസ്വവും മന്ത്രിമാർക്ക് ഏൽപ്പിച്ചുകൊടുത്ത് അങ്ങ് വാനപ്രസ്ഥം സ്വീകരിച്ചാലും; സ്വന്തം കുടുംബത്തെ വധിച്ച് ദേവയാനമാർഗ്ഗത്തിൽ നിന്ന് ഭ്രഷ്ടനായി തീരാതിരിക്കൂ. (മഹാഭാരതം - ഉദ്യോഗപർവ്വം - അദ്ധ്യായം 27)

ഇനി ശ്രീമദ് ഭഗവത്ഗീതയിലെ ആദ്യത്തെ അദ്ധ്യായമായ 'അർജ്ജുന വിഷാദയോഗം' വായിക്കുമ്പോൾ സഞ്ജയന്റെ മേൽപ്പറഞ്ഞ ഉപദേശത്തിന്റെ പ്രതിധ്വനിയല്ലേ നമുക്കവിടെ കേൾക്കാനാകുന്നത്? സഞ്ജയന്റെ ഉപദേശം യുധിഷ്ഠിരനോട് ആയിരുന്നെങ്കിലും ആ സന്ദർഭത്തിൽ അവിടെ ഭീമനും, അർജ്ജുനനും, നകുലനും,സഹദേവനും, ശ്രീകൃഷ്ണനും, ചേകിതാനനും, വിരാടനും, ദ്രുപദനും അദ്ദേഹത്തിന്റെ മകനായ ദൃഷ്ടദ്യുമ്നനും ഉണ്ടായിരുന്നു. ഏതായാലും, സഞ്ജയന്റെ ഉപദേശം ഏറ്റവും അധികം സ്വാധീനിച്ചത് അർജ്ജുനനെയാണെന്ന് "വിഷാദയോഗം" വ്യക്തമാക്കുന്നു. അങ്ങനെ നോക്കുമ്പോൾ, അത് വാസ്തവത്തിൽ "സഞ്ജയ വിഷാദയോഗ"മാണെന്ന് പറയേണ്ടിവരും. അർജ്ജുനനാകട്ടെ മസ്തിഷ്ക പ്രക്ഷാളനത്തിന്റെ ഇരയും!

# സ്കാൻഡിനേവിയൻ സുന്ദരികൾ

(തുടർച്ച)

ഡോ.ആശാജയകുമാർ

## ഓസ്‌ലോയിലൂടെ 'സ്ലോ' ആയി യാത്ര

**28-4-19 ഞായർ**

രാവിലെ പതിവുപോലെ കോണ്ടിനെന്റൽ ബ്രേക്ക്ഫാസ്റ്റ് കഴിച്ച് 8 മണിക്ക് ബസ്സിൽ കയറി. ബസ്സ് സ്റ്റാർട്ട് ചെയ്ത് പത്തുമീറ്റർ പോയിട്ടുണ്ടാവില്ല; പെട്ടെന്ന് മിനി 'stop, stop' എന്ന് അലറി. 'എന്തുപറ്റി'? എന്ന് എല്ലാവരും ചോദിച്ചപ്പോൾ "എന്റെ ക്യാമറ റൂമിൽ മറന്നുവെച്ചുവെന്നു തോന്നുന്നു- അതോ dining hall ലോ" മിനി നല്ലൊരു ഫോട്ടോഗ്രാഫറാണ്. മിനി എടുത്ത ചില ഫോട്ടോസ് ഞങ്ങളൊക്കെ കണ്ടിരുന്നു. ഡ്രൈവർ ബസ്സ് വീണ്ടും ഹോട്ടലിലെത്തിച്ചു. മിനിയും, നിജോയും കൃഷ്ണപ്രസാദ് സാറും ഇറങ്ങി. ഞങ്ങൾ ഏതാനും മിനിറ്റുകൾക്കു മുമ്പ് ചെക്ക് ഔട്ട് ചെയ്ത് electronic key (card) തിരിച്ചേൽപ്പിച്ചിരിന്നു. അത് വീണ്ടും റിസപ്ഷൻ കൗണ്ടറിൽ നിന്നും വാങ്ങി മുറിയിൽ പോയി നോക്കിയപ്പോഴതാ, ക്യാമറ മിനിയേയും കാത്ത് പുഞ്ചിരിച്ച് മേശപ്പുറത്തിരിക്കുന്നു.

വിലപ്പിടിപ്പുള്ള ക്യാമറയും നെഞ്ചോടടുക്കിപ്പിടിച്ച് ബസ്സിൽകയറിയ മിനിയെ ഞങ്ങളെല്ലാവരും ഹർഷാരവത്തോടെ എതിരേറ്റു. അതിനുശേഷം എവിടെപ്പോയാലും എല്ലാവരും മിനിയോടു ചോദിച്ചു തുടങ്ങി "മിനീ, ക്യാമറ എടുത്തോ" എന്ന്.

വർഗ്ഗീസ് സാർ പറഞ്ഞു, "ഡോക്ടറേ, ഒരു പ്രാർത്ഥന ചൊല്ലിക്കോ" എന്ന്. "ഇന്ന് ഞായറാഴ്ചയല്ലേ, നിങ്ങളെല്ലാവരും പള്ളിയിൽ പോകുന്ന ദിവസമല്ലേ, നമുക്ക് നിത്യവിശുദ്ധയാം കന്യാമറിയമേ എന്ന പാട്ടുപാടാം" എന്ന്. നല്ലൊരു ഗായികയായ റിട്ടയേർഡ് SBI മാനേജർ ഉഷചേച്ചിയുടെ കൂടെ ഞങ്ങളെല്ലാവരും ആ പാട്ടുപാടി.

ഇന്ന് ഓസ്ലോ സിറ്റി ടൂറാണ് ഞങ്ങൾക്കു വേണ്ടി 'സോമൻസ്' ഒരുക്കിയിരിക്കുന്നത്. ആദ്യം "വീഗ് ലാന്റ് പാർക്കി"ലേക്കാണ് പോകുന്നതെന്ന് നിജോ പറഞ്ഞു നിർത്തിയില്ല, "എന്ത്; വീഗാലാന്റോ? അദ് ഇവിടെയും ഉണ്ടാ" എന്ന് പലരും ചോദിച്ചു. വീഗാലാന്റല്ലാ വീഗ്ലാന്റ് എന്ന് നിജോ ക്ഷമയോടെ ആവർത്തിച്ചു. ഞങ്ങളുടെ ബസ്സ് ഏതാനും മിനിറ്റുകൾക്കകം വീഗ്ലാന്റ് പാർക്കിലെത്തി. എല്ലാവരും ഇറങ്ങി. നിജോ ഞങ്ങളുടെ ഗ്രൂപ്പിന്റെ കൂടെ വരാമെന്നേറ്റ ഗൈഡിനെ തിരയാനും, ഫോൺ ചെയ്യാനും തുടങ്ങി. ഞങ്ങൾ അവിടെയൊക്കെ ചുറ്റിത്തിരിയാൻ തുടങ്ങി. ഒരു പുരുഷന്റെ അർദ്ധകായപ്രതിമയും അതിനടുത്ത് ഒരു ബോർഡും കണ്ടു. അത് ഗുസ്താവ് വീഗ്ലാന്റിന്റെ പ്രതിമയായിരുന്നു. അവിടെ നിർമ്മിച്ചിരിക്കുന്ന പ്രതിമകളൊക്കെ അദ്ദേഹത്തിന്റെ മാന്ത്രികവിരലിൽ നിന്ന് ജന്മം കൊണ്ടവയാണ്.

വളരെയധികം കഷ്ടപ്പാടുകൾ സഹിച്ച ബാലനായിരുന്നു ഗുസ്താവ്. മനസ്സിലേറ്റ മുറിവുകൾ മായാതെ കിടന്നു. വീഗ്ലാന്റിൽ കണ്ട ശില്പങ്ങളിലധികവും അമ്മയും മക്കളും, അച്ഛനും മക്കളും കൂടികളിക്കുന്നവയായിരുന്നു. തനിക്ക് ചെറുപ്പത്തിൽ കിട്ടാതെപോയ സ്നേഹവും വാത്സല്യവും അച്ഛനമ്മമാ

രിൽ നിന്നും കിട്ടാതെപോയ സംരക്ഷണവുമായിരിക്കാം അദ്ദേഹം എടുത്തുകാട്ടിയത്.

ഫ്രോഗ്നർപാർക്ക് എന്ന ഓസ്‌ലോ നഗരഹൃദയത്തിലുള്ള 45 ഹെക്ടറിൽ പരന്നുകിടക്കുന്ന പാർക്കിന്റെ നടുവിലാണ് വീഗ്‌ലാന്റിന്റെ പ്രതിമകൾ. ഫ്രോഗ്നർ പാർക്കിൽ ധാരാളം മരങ്ങളും, തടാകവും, നടപ്പാതകളും ജലധാരകളും പൂക്കളും വള്ളികളുമൊക്കെയുണ്ട്. ഇലകൊഴിഞ്ഞ വൃക്ഷങ്ങളിൽ, ചെറിയമുകുളങ്ങൾ വന്നു തുടങ്ങുന്നതേയുള്ളൂ. ചിലയിടങ്ങളിൽ ട്യൂലിപ്പ് പൂക്കളുടെ മൊട്ടുകൾ വിരിഞ്ഞ് വസന്തകാലത്തിന്റെ ആഗമനം അറിയിച്ചു. ചിലമരങ്ങളിൽ പൂക്കുലകൾ കാറ്റിലാടുന്നതു കണ്ടു. തടാകത്തിൽ സുന്ദരന്മാരായ വെളുത്ത അരയന്നങ്ങൾ നീന്തിത്തുടിക്കുന്നു. ആകാശത്ത് കാർമേഘങ്ങൾ ചെറിയ ചാറ്റൽമഴയും, നല്ല തണുപ്പും.

അല്പസമയത്തിനകം സുന്ദരിയായ ഒരു മദ്ധ്യവയസ്ക ധൃതിയിൽ നടന്നു വരുന്നതു കണ്ടു. അവർ നിജോയ്ക്ക് ഹസ്തദാനം നൽകി, വൈകിയതിന് ക്ഷമചോദിച്ചു. പിന്നെ ഞങ്ങൾക്കെല്ലാവർക്കും പുഞ്ചിരിയോടെ ഗുഡ്മോണിംഗ് പറഞ്ഞു. അവരോടൊപ്പം ഞങ്ങൾ വീഗ്‌ലാന്റ് നിർമ്മിച്ച ശില്പങ്ങൾ കാണാൻ പോയി.

അലക്സാന്ദ്ര എന്ന ഊർജ്ജസ്വലയായ ആ ഗൈഡ് പറഞ്ഞു- ഒരു ശില്പി ഒറ്റയ്ക്കു നിർമ്മിച്ച ലോകത്തിലെ ഏറ്റവും വലിയ ശില്പസമാഹാരമാണ് നിങ്ങളിവിടെ കാണുന്നത്. 18-ാം നൂറ്റാണ്ടിൽ ഹാൻസ് ജേക്കബ് ഷീൻ എന്നയാൾ തന്റെ കൊട്ടാരസദൃശമായ വീടിനോട് ചേർത്ത് ബറോക്ക് മാതൃകയിൽ ഒരു പൂന്തോട്ടം നിർമ്മിച്ചു. അദ്ദേഹത്തിന്റെ പിൻതുടർച്ചക്കാർ ഗാർഡൻ വിപുലീകരിച്ചു.

വീഗ്‌ലാന്റിന്റെ ശില്പങ്ങൾ ഫ്രോഗ്നർ പാർക്കിന്റെ 80 ഏക്കർ വിസ്തൃതിയുള്ള സ്ഥലത്താണ് സ്ഥാപിച്ചിരിക്കുന്നത്. 212 ശില്പങ്ങളാണ് ആകെയുള്ളത്. ചിലത് വെങ്കലം കൊണ്ടും മറ്റുള്ളവ ഗ്രാനൈറ്റ് കൊണ്ടുമാണ് നിർമ്മിച്ചിരിക്കുന്നത്. വീഗ്‌ലാന്റിന്റെ ശില്പങ്ങൾക്കടുത്തെത്താൻ ചെറിയൊരു പാലം കടക്കണം. പാലത്തിൽ നിന്നാൽ "നീലജലാശയത്തിൽ, ഹംസങ്ങൾ നീരാടും പൂങ്കുളത്തിൽ, നീർപ്പോളകളുടെ ലാളനയേറ്റൊരു നീലത്താമര വിരിഞ്ഞു" എന്ന പാട്ടുപാടാൻ തോന്നും. ഹൃദയം അത്രയ്ക്കും വാചാലമാകും!

നടന്നുനടന്ന് ഞങ്ങൾ "മോണോലിത്ത് പ്ലാറ്റൂ"വിനടുത്തെത്തി. മോണോലിത്ത് എന്നാൽ ഒറ്റക്കൽ ശില്പം. കുറേ പടിക്കെട്ടുകൾ കയറി ഞങ്ങൾ ഫ്രോഗ്നർ പാർക്കിന്റെ ഏറ്റവും ഉയർന്ന സ്ഥലത്തെത്തി. അതാണ് 'പ്ലാറ്റൂ'. 1924ൽ വീഗ്‌ലാന്റ് തന്റെ മനസ്സിലെ രൂപത്തിന് കളിമണ്ണിൻ രൂപം കൊടുത്തു. പിന്നീട് പ്ലാസ്റ്റർ ഓഫ് പാരീസിൽ 'അച്ച്' നിർമ്മിച്ചു. 1927ൽ നൂറുകണക്കിന് ടൺ തൂക്കമുള്ള വലിയൊരു കരിങ്കൽ ശില ഹാൾഡനിലെ കരിങ്കൽ ക്വാറിയിൽ നിന്നും പാർക്കിലെത്തിച്ചു. ഒരു വർഷം കഴിഞ്ഞ് ആ ശിലാഖണ്ഡം കുത്തനെ നാട്ടി അതിനുചുറ്റും മരപ്പലക ഉപയോഗിച്ച് ഒരു ഷെഡ്ഡ് പണിതു. കാറ്റും മഴയും മഞ്ഞുമേൽക്കാതെ വീഗ്‌ലാന്റും സഹായികളും കല്ലിൽ കവിത കൊത്താൻ തുടങ്ങി. 14.12 മീറ്റർ ഉയരമുള്ള ഈ ഒറ്റക്കൽ ശില്പത്തിൽ 121 മനുഷ്യരൂപങ്ങളാണുള്ളത്. കഷ്ടപ്പെട്ട് ഉയരങ്ങളിലെത്താൻ വെമ്പുന്ന മനുഷ്യരുടെ പ്രതീകമാണത്. ഉയരങ്ങളിലെത്താനുള്ള വ്യഗ്രതയിലും, അത്യാഗ്രഹത്തിലും മറ്റുള്ളവരെ ചവിട്ടിത്താഴ്ത്തുന്നതും, ചിലരെ കയ്യിൽ പിടിച്ചുയർത്തുന്നതും കാണാം.

ഒറ്റക്കൽ ശില്പത്തിനു ചുറ്റും 36 ശില്പക്കൂട്ടങ്ങൾ കാണാം. അമ്മയുടെ കൂടെ കളിക്കുന്ന കുഞ്ഞുങ്ങൾ, അച്ഛന്റെ കൂടെ കളിക്കുന്ന കുഞ്ഞുങ്ങൾ, കൂട്ടം

കൂടി കളിക്കുന്ന കുഞ്ഞുങ്ങൾ, പ്രേമബദ്ധരായ യുവതീയുവാക്കൾ, വൃദ്ധനായ ഭർത്താവിന്റെ മാറിൽ അഭയം തേടുന്ന അവശയായ വൃദ്ധ, മരിച്ചു കിടക്കുന്ന മനുഷ്യൻ, അസ്ഥികൂടം, വീണ്ടും ജനിക്കുന്ന ശിശു.... കാലചക്രം തിരിഞ്ഞു കൊണ്ടേയിരിക്കുന്നു.

എന്റെ മനസ്സിൽ പെട്ടെന്നാണ് ഒരു ലഡ്ഡുപൊട്ടിയത്. ആദിശങ്കരാചാര്യരുടെ ഭജഗോവിന്ദത്തിലെ വരികൾ എന്റെ മനസ്സിൽ തത്തിക്കളിച്ചു.

"ബാലസ്ഥാവത് ക്രീഡാസക്താ
സ്തരുണ സ്ഥാവത് തരുണീസക്താ
വൃദ്ധ സ്ഥാവത് ചിന്താസക്ത
പരമേ ബ്രഹ്മണി കോപി നലഗ്നാ"

ആരും പരമമായ സത്യം മനസ്സിലാക്കുന്നില്ല.........

ഫ്രോഗ്നർ പാർക്ക് കണ്ടതിനു ശേഷം ഞങ്ങൾ വീണ്ടും ബസ്സിൽ കയറി. അടുത്തതായി നൊബേൽ സമാധാന പുരസ്കാരം നേടിയവരെപ്പറ്റിയുള്ള മ്യൂസിയമാണ് സന്ദർശിക്കാൻ പോകുന്നതെന്ന് സുന്ദരമായ ഇംഗ്ലീഷിൽ അലക്സാന്ദ്ര പറഞ്ഞു.

**ആൽഫ്രെഡ് നോബേലിന്റെ കഥ:**

ബസ്സ് Nobel Peace Museum ലക്ഷ്യമാക്കി തിരക്കില്ലാത്ത, നല്ല റോഡിലൂടെ അലസമായി പോയിക്കൊണ്ടിരുന്നു. ഗൈഡ് ആൽഫ്രഡ് നൊബേലിന്റെ കഥ പറഞ്ഞുതന്നത് അപ്പോഴാണ്.

1833 ഒക്ടോബർ 21ന് ജനിച്ച് 1896 ഡിസംബർ 10ന് ചരമമടഞ്ഞ, സ്വീഡനിൽ ജനിച്ച ബിസിനസ്സുകാരനായിരുന്നു നൊബേൽ. അദ്ദേഹം ഒരു കെമിസ്റ്റ്, എൻജിനീയർ, "കണ്ടുപിടുത്തക്കാരൻ" (inventor), മനുഷ്യസ്നേഹി എന്നീ നിലകളിലും പ്രശസ്തനായിരുന്നു.

355 പേറ്റന്റുകളാണ് ഈ പ്രതിഭയുടെ പേരിലുണ്ടായിരുന്നത്. അവയിൽ ഏറ്റവും പ്രസിദ്ധം ഡൈനമിറ്റിന്റെ കണ്ടുപിടുത്തമായിരുന്നു. വലിയ കെട്ടിടങ്ങളും പാലങ്ങളും മറ്റും പണിയാനുള്ള കല്ലുകൾ ക്വാറികളിൽനിന്നു ലഭിക്കാനും, പഴയകെട്ടിടങ്ങൾ പൊളിച്ചുമാറ്റാനും എഞ്ചിനീയർമാരെ സഹായിക്കാനാണ് അദ്ദേഹം ഡൈനമിറ്റ് കണ്ടുപിടിച്ചത്. പക്ഷെ, കാലക്രമേണ അത് നശീകരണത്തിനും, ശത്രുസംഹാരത്തിനും ഉപയോഗിച്ചു തുടങ്ങി.

ആൽഫ്രെഡ് നൊബേലിന്റെ സഹോദരൻ ലുഡ്‌വിഗ് നൊബേൽ മരിച്ചപ്പോൾ, മരിച്ചത് ആൽഫ്രെഡ് നോബേലാണെന്ന് തെറ്റിദ്ധരിച്ച് ഒരു ഫ്രഞ്ച് പത്രം ഇങ്ങനെ തലക്കെട്ടു കൊടുത്തു. "The Merchant of Death is Dead" എന്ന്. ഇതുകണ്ട നോബേലിന്റെ ഹൃദയത്തിൽ വേദനയുടെയും നിരാശയുടെയും വലിയൊരു ഡൈനമിറ്റ് പൊട്ടി.ഈശ്വരാ, ഞാൻ മരിച്ചു കഴിഞ്ഞ് ലോകം എന്നെ ഇത്തരത്തിലാണല്ലോ ഓർത്തുവയ്ക്കാൻ പോകുന്നത് എന്ന തിരിച്ചറിവ് അദ്ദേഹത്തിനുണ്ടായി. സ്ഫോടകവസ്തുവിന്റെ കണ്ടുപിടുത്തതിലൂടെ നേടിയ ദുഷ്പേര് വീണ്ടെടുക്കാൻ അദ്ദേഹം മരണാനന്തരം തന്റെ സ്വത്തുക്കൾ മുഴുവൻ സമാധാനത്തിനും ശാസ്ത്രത്തിന്റെ വിവിധശാഖകളിൽ മനുഷ്യർക്ക് പ്രയോജനപ്പെടുന്ന കണ്ടുപിടുത്തങ്ങൾക്കും കാരണക്കാരായ മനുഷ്യർക്ക് സമ്മാനം നൽകാൻ നീക്കിവെച്ചു.

സമാധാനത്തിനുള്ള നൊബേൽ സമ്മാനം നേടിയവരെപ്പറ്റിയുള്ളതാണ് ഓസ്‌ലോയിലെ മ്യൂസിയം. ഇളം പിങ്ക് നിറത്തിലുള്ള കെട്ടിടത്തിൽ Nobels Fredssenter എന്നും Nobel Peace Center എന്നും രണ്ടു ഭാഷകളിൽ എഴുതിയിട്ടുണ്ട്. നൊബേൽ പ്രൈസായി നൽകുന്ന സ്വർണ്ണ മെഡലിന്റെ രൂപവും തൊട്ടു താഴെ കാണാം.

വലതുകാൽ വച്ച് ആ കെട്ടിടത്തിൽ കയറിയപ്പോൾ ആദ്യം കണ്ടത് മച്ചിൽ നിന്നും തൂങ്ങികിടന്ന് ആടുന്ന വൃത്താകൃതിയിലുള്ള, മെഡൽധാരികളുടെ ചിത്രങ്ങളാണ്. വായുവിന്റെ കൊച്ചു ചലനങ്ങൾ പോലും ഈ ചിത്രങ്ങളെ ഊഞ്ഞാലാട്ടിക്കൊണ്ടിരുന്നു.

**നൊബേൽ സമാധാന സമ്മാനം**

"ഡൈനമിറ്റ് കണ്ടുപിടിച്ച് മനുഷ്യനെ കൊല്ലാൻ നടക്കുന്നവൻ" എന്ന ദുഷ്പേര് മാറ്റാൻ ആൽഫ്രെഡ് സ്വന്തം പേരിൽ സ്ഥാപിച്ച അഞ്ചു പുരസ്കാരങ്ങളിലൊന്നാണിത്. സമാധാനം, കെമിസ്ട്രി, ഫിസ്ക്സ്, ഫിസിയോളജി അല്ലെങ്കിൽ മെഡിസിൻ, സാഹിത്യം എന്നീ മേഖലകളിൽ ഏറ്റവും കൂടുതൽ മികവു തെളിയിക്കുന്നവർക്കാണ് സമ്മാനം. മാർച്ച് 1901 മുതലാണ് പുരസ്കാരങ്ങൾ കൊടുത്തു തുടങ്ങിയത്.

9 മില്യൺ സ്വീഡിഷ് ക്രോണറിനു തുല്യമായ തുകയാണ് പുരസ്കാരമായി നൽകുന്നത്. നൊബേലിന്റെ ചരമദിനമായ ഡിസംബർ 10 നാണ് പുരസ്കാരം നൽകുന്നത്. 117 വർഷം മുമ്പ് 1901 ഡിസംബർ 10നാണ് ആദ്യമായി പുരസ്കാരം സമ്മാനിച്ചത്.

ഏറ്റവും കൂടുതൽ തവണ (3 പ്രാവശ്യം) സമ്മാനം ലഭിച്ചത് ഇന്റർനാഷ്നൽ കമ്മിറ്റി ഓഫ് റെഡ് ക്രോസിനാണ്. പുരസ്കാര ജേതാക്കളെ തിരഞ്ഞെടുക്കുന്നത് അഞ്ച് അംഗങ്ങളടങ്ങിയ നോർവീജിയൻ നോബൽ കമ്മിറ്റിയാണ്. 2016 വരെ 104 മഹാന്മാർക്കും, 23 സംഘടനകൾക്കും സമാധാന പുരസ്കാരം ലഭിച്ചിട്ടുണ്ട്.

2018ൽ രണ്ടു വ്യക്തികൾക്കാണ് സമാധാന സമ്മാനം ലഭിച്ചത്. ആഫ്രിക്കക്കാരൻ ഡോക്ടർ ഡെനിസ് മുക്വേഗെയും, ഇറാക്കുകാരി നദിയ മുറാദ് ബസീ താഹ. സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക ആക്രമണങ്ങളിൽ ശക്തമായി പ്രതിഷേധിക്കുകയും, ലൈംഗിക ആക്രമണങ്ങൾക്ക് ഇരയായവർക്ക് സഹായമെത്തിച്ച് കൊടുത്ത്, അവരെ മാനസികമായും ശാരീരികമായും സാധാരണജീവിതം നയിക്കാൻ പ്രാപ്തരാക്കുകയും ചെയ്തയാളാണ് ഡോക്ടർ മുക്വേഗെ. ഇസ്ലാമിക് സ്റ്റേറ്റ് ഭീകരർ തട്ടിക്കൊണ്ടുപോയി, അതിക്രൂരമായി പീഡിപ്പിക്കപ്പെട്ട വനിതയാണ് നാദിയ. അവരുടെ പിടിയിൽ നിന്നും സാഹസികമായി രക്ഷപ്പെട്ട്, ഭീകരരുടെ ക്യാംപിൽ നടന്നു വരുന്ന പീഡനകഥകൾ പുറംലോകത്തെ അറിയിക്കാൻ ധൈര്യം കാട്ടിയ വനിതയാണ് നാദിയ. The last Girl: My story of captivity and My fight against the Islamic state എന്ന ആത്മകഥാപരമായ പുസ്തകം രചിച്ചു.

1979 ൽ മദർ തേരസക്കും നോബേൽ സമാധാന സമ്മാനം ലഭിച്ചിരുന്നു. The Nobel Chamber എന്ന മുറിയിൽ സമാധാനത്തിനുള്ള പുരസ്കാരം ലഭിച്ചവരുടെ ഫോട്ടോയും, ലഘുവിവരണവും ഒരുക്കിവച്ചിട്ടുണ്ട്. നീലവെളിച്ചമുതിരുന്ന ബൾബുകൾ അല്പം ഇരുട്ടു നിറഞ്ഞ ഈ ചേംബറിനെ മനോഹരമാക്കുന്നു.

ഒരു മുറിയിൽ ഞങ്ങളൊരു മാജിക് പുസ്തകം കണ്ടു. വലിയൊരു മേശപ്പുറത്ത് വലിയൊരു പുസ്തകം തുറന്ന് വച്ചിരിക്കുകയാണ്. ഒരു ന്യൂസ്പേപ്പറിന്റെ ഷീറ്റ് നിവർത്തി വച്ചതിനേക്കാൾ വലിപ്പമുണ്ട് തുറന്നുവച്ച പുസ്തകത്തിന്. പേജുകൾ മറിക്കുമ്പോൾ അവ തൂവെള്ള നിറത്തിൽ കാണപ്പെടും. പക്ഷെ ഏതാനും സെക്കന്റുകൾക്കകം അതിൽ ചിത്രങ്ങളും അക്ഷരങ്ങളും മാജിക് പോലെ പ്രത്യക്ഷപ്പെടും. ബുക്കിനു മുകളിലായി, മുറിയുടെ സീലിംഗിൽ ഘടിപ്പിച്ച LCD Projector വഴിയാണ് ഇതൊക്കെ നടക്കുന്നതെന്ന് ഞങ്ങൾ മനസ്സിലാക്കി. പുസ്തകത്തിന്റെ താള് മറിയുന്നത് ഏതോ സെൻസർ കണ്ടു

പിടിച്ച് കംപ്യൂട്ടറിന് വിവരം കൈമാറുന്നു. അതനുസരിച്ച് കംപ്യൂട്ടർ ഓരോ പേജിലും ആവശ്യമായ ചിത്രങ്ങളും വാർത്തകളും LCD പ്രൊജക്ടർ വഴി പുസ്തകത്തിൽ മാന്ത്രികവിദ്യ കാണിക്കുന്നു.

Nobel Peace Prize Museumകണ്ടതിനുശേഷം ഞങ്ങൾ അല്പദൂരം നടന്ന് അവിടത്തെ ഹാർബറിനടുത്തെത്തി. ധാരാളം ഉല്ലാസ നൗകകളും, മത്സ്യ ബന്ധന ബോട്ടുകളും അവിടെ നിരന്നു കിടന്നിരുന്നു. കടലിൽ നിന്നും വീശുന്ന തണുത്ത കാറ്റേറ്റ് ഞങ്ങൾ കിടുകിടാവിറച്ചു. ഉത്തരധ്രുവത്തിൽ നിന്നും വരുന്ന കാറ്റാണേ!

കുറേ ദൂരെയായി ഒരു "ഭാർഗ്ഗവീ നിലയം" പോലത്തെ ജീർണ്ണിച്ച കൊട്ടാരം കടൽത്തീരത്ത് നിഗൂഢത പേറി നിൽക്കുന്നതു കണ്ടു. അത് "haunted fortress" ആണെന്ന് ഗൈഡ് പറഞ്ഞു. പ്രേതബാധയുള്ള സ്ഥലമാണത്രെ! ഒന്നു പോയി നോക്കിയാലോ എന്ന് സജീവും വിൽസണും ചോദിച്ചപ്പോൾ, "ഓ അതി നൊന്നും സമയമില്ല. നമുക്ക് ഇനിയും പലതും കാണാനുണ്ട്" എന്ന് അവർ പറ ഞ്ഞു.

**അക്കേർഷസ് കൊട്ടാരം Akershus Fortress:**

1300ൽ പണികഴിച്ച ഈ കൊട്ടാരത്തിൽ ആദ്യകാലത്ത് രാജകുടുംബാം ഗങ്ങളാണ് താമസിച്ചിരുന്നത്. പിന്നീട് ഇതൊരു സൈനിക കേന്ദ്രമായി മാറി. ഇന്ന് ഈ കൊട്ടാരം മ്യൂസിയമായി പ്രവർത്തിച്ചു വരുന്നു. കൊട്ടാരത്തിൽ വലിയമുറികളും, സൽക്കാരമുറികളും, പള്ളിയും, ഭുഗർഭഅറകളും ഒക്കെയു ണ്ടത്രെ. 67 കെട്ടിടങ്ങളുടെ സമുച്ചയമാണ് ഈ കോട്ട. 14 ഫുട്ബോൾ ഗ്രൗണ്ടു കളുടെ വലിപ്പമുള്ള സ്ഥലത്താണ് കോട്ട നിലകൊള്ളുന്നത്! ഏഴു രാജകുടു ബാംഗങ്ങളുടെ ശവകുടീരം ഈ ഗ്രൗണ്ടിലുണ്ട്.

ജീവനുള്ള ഒരു നായയെ ഈ കൊട്ടാരത്തിന്റെ പ്രവേശന കവാടത്തിൽ പട്ടാളക്കാർ കുഴിച്ചിട്ടുവെന്നും, സ്വീഡിഷ് പട്ടാളക്കാർ നോർവെയുടെ ഈ കൊട്ടാരം ആക്രമിക്കാൻ വരുമ്പോൾ നായയുടെ പ്രേതം പെട്ടെന്ന് പ്രത്യക്ഷ പ്പെട്ട് ശത്രുസേനയെ പേടിപ്പിച്ച് ഓടിച്ചിരുന്നുവെന്നും പറയപ്പെടുന്നു.The Vicious Dogഎന്ന് ഇംഗ്ലീഷിൽ അർത്ഥമുള്ള "Malcanisen" എന്നാണ് ഈ നായയുടെ സ്വീഡിഷ് നാമം. നായയ്ക്ക് കൂട്ടായി നീളൻ വസ്ത്രം ധരിച്ച മുഖം വ്യക്തമാ കാത്ത ഒരു സ്ത്രീയുടെ പ്രേതവുമുണ്ടെന്ന് നാട്ടുകാർ പറയുന്നു.

ഹാർബറിൽ നിന്നും അലക്സാന്ദ്ര ഞങ്ങളെ സിറ്റിഹാൾ കാണിക്കാൻ കൊണ്ടുപോയി. അന്ന് അവിടെ "conformation" എന്ന ചടങ്ങു നടക്കുന്നതു കൊണ്ട് ഞങ്ങൾക്ക് അകത്തു കയറാൻ അനുമതി ലഭിച്ചില്ല. 15 വയസ്സു തിക യുന്ന ദിവസം, അല്ലെങ്കിൽ 15-ാം വയസ്സിൽ, കുട്ടികൾക്ക് ക്രിസ്തുമതം സ്വീകരി ക്കണോ, അതോ വേറെ ഏതെങ്കിലും മതം സ്വീകരിക്കണോ എന്ന് സ്വയം തീരു മാനിക്കാം. മാമോദീസ മുക്കുന്ന സമയത്ത് സ്വയം ഒരു തീരുമാനമെടുക്കാൻ കുഞ്ഞുങ്ങൾക്കാവില്ലല്ലോ.

സിറ്റിഹാൾ പരിസരത്തുനിന്നും ഞങ്ങൾ ബസ്സിൽ കയറി "ഫ്രാം മ്യൂസിയം" ലക്ഷ്യമാക്കി യാത്ര തുടർന്നു. പോകുന്ന വഴി രാജാവിന്റെ തോട്ടവും, വേനൽക്കാല വസതിയും, റോയൽ പശുക്കൾ, റോയൽ താറാവുകൾ എന്നിവ യൊക്കെ കണ്ടു. രാജകൊട്ടാരത്തിലെ ആവശ്യത്തിനായി വളർത്തുന്ന കൊഴുത്തു തടിച്ച പശുക്കൾ പുല്ലു മേഞ്ഞു നടക്കുന്നു. അവിടത്തെ തടിയൻ താറാവുകൾ പാർക്കിലെ മനോഹരമായ തടാകത്തിൽ നീന്തിത്തുടിക്കുന്നു.

പോകുന്ന വഴിക്കരികിൽ പലതരം മ്യൂസിയങ്ങൾ, മരം കൊണ്ടു നിർമ്മി ച്ച, മനോഹരമായ, നൂറ്റാണ്ടുകൾ പഴക്കമുള്ള പള്ളികൾ എന്നിവ കണ്ടു. അല്പ

സമയത്തിനകം ഞങ്ങൾ നോർവേയിലെ പ്രസിദ്ധമായ FRAM മ്യൂസിയത്തിലെത്തി.

**ഫ്രാം മ്യൂസിയം:** ഇംഗ്ലീഷിലെ Vഎന്ന അക്ഷരം കമഴ്ത്തിവച്ചതുപോലത്തെ മേൽകൂരയുള്ള, ഹാർബറിനടുത്തുള്ള മനോഹരമായ മ്യൂസിയമാണിത്. നോർവേയിൽ നിന്നും ഒരു സംഘം സാഹസികമായി ഉത്തരധ്രുവത്തിലെത്തിയതിന്റെ ത്രസിപ്പിക്കുന്ന കഥയാണ് ഫ്രാം മ്യൂസിയം നമുക്കു പറഞ്ഞും കാണിച്ചും തരുന്നത്. 1936 മെയ് 20നാണ് ഈ മ്യൂസിയം ഉദ്ഘാടനം ചെയ്തത്. "FRAM - The Best Museum In Norway" എന്ന് പുറത്ത് ബോർഡെഴുതി വച്ചിട്ടുണ്ട്.

ഉത്തരധ്രുവത്തിലേക്ക് അതിസാഹസികമായി, കടുത്തകാലാവസ്ഥയെ അതിജീവിച്ച് യാത്രചെയ്ത മൂന്നു നോർവീജിയക്കാരെ ആദരിക്കാനാണ് ഈ മ്യൂസിയം പ്രധാനമായും നിർമ്മിച്ചത്. Fridtjof Nansen, Otto Sverdrup, Ronald Amundsen എന്നിവരായിരുന്നു ആ പര്യവേക്ഷകർ. ഇവർ സഞ്ചരിച്ച കപ്പലിന്റെ പേരാണ് FRAM. കോളിൻ ആർച്ചറാണ് കപ്പൽ നിർമ്മിച്ചത്. ഇവർ യാത്ര ചെയ്ത കപ്പൽ ആദ്യം ഹാർബറിനടുത്തുള്ള മ്യൂസിയം ഇപ്പോൾ സ്ഥിതിചെയ്യുന്നിടത്തു കൊണ്ടുവന്നു സ്ഥാപിച്ചു. പിന്നീട് അതിനു ചുറ്റും കെട്ടിടം പണിതു.

കപ്പലിനു ചുറ്റും മൂന്നു തട്ടായി പണിത ഗാലറിയിലൂടെ നടന്ന് ആദ്യം നമുക്ക് കപ്പലിന്റെ ബാഹ്യരൂപം കാണാം. അതിനുശേഷം കപ്പലിലേക്ക് ചരിച്ചു നാട്ടിയ ചെറിയൊരു പാലത്തിലൂടെ കപ്പലിനകത്തേക്കു നടക്കാം. അതിന്റെ മാസ്റ്റ്, കാറ്റിന്റെ ഗതിയനുസരിച്ച് കപ്പലിന്റെ ഗതിനിയന്ത്രിക്കാനുള്ള പായകൾ, കയറുകൾ എന്നിവയൊക്കെകണ്ട് ഞങ്ങൾ അത്ഭുതപ്പെട്ടു. ഇന്നും കപ്പലിന് കോട്ടമൊന്നും തട്ടിയിട്ടില്ല. കപ്പൽ യാത്രയ്ക്കിടയിൽ ഉപയോഗിച്ച വടക്കുനോക്കിയന്ത്രം, ദൂരദർശിനി, പലതരംയന്ത്രങ്ങൾ എന്നിവയൊക്കെ ഇപ്പോഴും നല്ല രീതിയിൽ സംരക്ഷിച്ച് ആകർഷകമായി പ്രദർശിപ്പിച്ചുകൊണ്ട് വച്ചിട്ടുണ്ട്. മൂന്നു വർഷം നീണ്ടുനിന്ന ശ്രമകരമായ യാത്രയ്ക്കിടയിൽ എന്തെല്ലാം കഷ്ടപ്പാടുകളായിരിക്കും അവർ തരണം ചെയ്തിട്ടുണ്ടാവുക!

അവർ അനുഭവിച്ച ഉത്തരധ്രുവത്തിലെ കൊടുംതണുപ്പ് നമുക്കും അനുഭവിച്ചറിയാനായി അവിടെയൊരു ഐസ് ഗുഹയുണ്ടാക്കി വച്ചിട്ടുണ്ട്. അതിനകത്തൊരു ഐസ് മമ്മിയും! എന്റമ്മോ! എന്തൊരു തണുപ്പ് $^-40^{oC}$ - $^-50^{oC}$ വരെയാണ് അതിനകത്ത്!

പെൻഗ്വിൻ, ധ്രുവക്കരടി, റെയ്ൻഡിയർ എന്നിവയുടെയൊക്കെ സ്റ്റഫ് ചെയ്ത പാവകൾ വിൽപ്പനയ്ക്കു വച്ചിട്ടുണ്ട്.

നോർവേയുടെ തലസ്ഥാനമായ ഓസ്‌ലോയിൽ ചുറ്റിക്കറങ്ങുന്നതിനിടയ്ക്ക് പുരാതനമായ ഒരു പള്ളി കണ്ടു. STAVE CHURCHഎന്ന ഈ പള്ളി ഓസ്‌ലോയിലെ ഗോൾ (GOL) എന്ന പട്ടണത്തിലാണ് സ്ഥിതി ചെയ്യുന്നത്. 1157ൽ നിർമ്മിതം. പഴയ പള്ളിയല്ലേ, പൊളിച്ചുകളയാം എന്ന് നാടു ഭരിക്കുന്നവർ തീരുമാനിച്ചതോടെ ഓസ്ക്കർ രാജാവ് രണ്ടാമൻ പള്ളി വിലയ്ക്കു വാങ്ങി. അദ്ദേഹത്തിന്റെ സ്വന്തം പ്രോപ്പർട്ടിയായ സ്ഥലത്ത് പള്ളി കേടുകൂടാതെ മാറ്റി സ്ഥാപിക്കുകയും, സംരക്ഷിക്കുകയും ചെയ്തു. ഞങ്ങൾ അതിന്റെ പ്രവേശന കവാടത്തിനടുത്തുനിന്നും ഫോട്ടോയെടുത്തു. പഴയ നായർ തറവാടുകളുടെ പടിപ്പുര പോലെയുള്ള പടിപ്പുരയായിരുന്നു അത്. പള്ളി ദൂരെ നിന്നു കണ്ടു തൃപ്തിപ്പെട്ടു.

അടുത്ത സ്റ്റോപ്പ് നോർവേയുടെ പാർലമെന്റ് മന്ദിരമായ STORTING ബിൽഡിംഗ് ആയിരുന്നു. 1866ൽ നിർമ്മിച്ച മനോഹരമായ കെട്ടിടം. Emil Victor എന്നയാളായിരുന്നു ശില്പി. ഫ്രെഞ്ച്, ഇറ്റാലിയൻ സ്റ്റൈലുകളുടെ സമഞ്ജസ സമ്മേളനമാണ് ഇതിന്റെ നിർമ്മാണത്തിൽ കാണുന്നത്. 4 വർഷം കൂടുമ്പോ

ഴാണ് നോർവേയിലെ ഇലക്ഷൻ. 169 മെമ്പർമാരാണ് പാർലമെന്റിലുള്ളത്. മിക്ക വാറും സഖ്യകക്ഷികളായിരിക്കും ഭരണം നടത്തുന്നത്.

ഓസ്‌ലോയിലെ ഓപ്പറാ ഹൗസ് ആണ് അടുത്ത കാഴ്ച. ബസ്സിലിരിക്കു മ്പോൾ അലക്സാന്ദ്ര നോർവേ വിശേഷങ്ങൾ പങ്കുവച്ചു. നോർവേ വളരെ സമ്പ ന്നമായ രാജ്യമാണ്. മത്സ്യവും, പെട്രോളിയം ഉൽപ്പന്നങ്ങളുമാണ് രാജ്യത്തിന്റെ സമ്പൽസമൃദ്ധിക്ക് നിദാനം. പ്രൈമറി ക്ലാസ്സ് മുതൽ കോളേജ് വിദ്യാഭ്യാസമ ടക്കം പഠനം സൗജന്യമാണ്. ഗവൺമെന്റ് ആശുപത്രികളാണ് അധികവും. സൗജന്യചികിത്സ എല്ലാവർക്കും ലഭ്യമാണ്. 19 വയസ്സുവരെ ദന്തചികിത്സ സൗജന്യം. ഡയബെറ്റിസ്, കിഡ്നി, ഹാർട്ട് തുടങ്ങിയവയുടെ അസുഖം മൂലം ദീർഘകാല ചികിത്സ വേണ്ടി വരുന്നവർക്കും ചികിത്സ സൗജന്യമാണ്.

സൗജന്യമായി പഠനം നേടി കോളേജിൽ നിന്നും പുറത്തിറങ്ങുന്ന വർക്ക് സൈനിക സേവനം നിർബന്ധമാണ്. സൈനിക സേവനം നടത്താൻ ശാരീരിക വിഷമതയുള്ളവർ 18 മാസത്തെ സിവിലിയൻ സർവ്വീസ് ചെയ്താൽ മതി.

നൊബേൽ പീസ് പ്രൈസ് മ്യൂസിയത്തിന്റെയടുത്തുനിന്നും ഓപ്പറാ ഹൗസ്‌വരെയുള്ള പാതയിൽ നീണ്ട ഒരു ടണലുണ്ടായിരുന്നു.

**ഓപ്പറാ ഹൗസ്:** 2008 ഏപ്രിൽ 12ന് ഉദ്ഘാടനം ചെയ്ത മനോഹരമായ ഈ കെട്ടിടം നോർവേ ബാലെ, മറ്റ് കലാപ്രകടനങ്ങൾ എന്നിവ നടത്താനുള്ള വേദി യാണ്. മനോഹരമായ ശില്പനിർമ്മാണ ചാതുരിക്ക് World Architecture Festival, Barcelona, European Union Prize എന്നീ പുരസ്കാരങ്ങൾ കിട്ടിയിട്ടുണ്ട്. 414000sq.ftൽ പടർന്നു കിടക്കുന്ന ഈ കെട്ടിടത്തിൽ 1364 പേർക്ക് സുഖമായി ഇരുന്ന് കലാപരിപാടികൾ ആസ്വദിക്കാം. ഹാർബറിലാണ് ഓപ്പറാ ഹൗസിന്റെ സ്ഥാനം.

തൊട്ടടുത്തുള്ള കായലിൽ വെയിൽ കൊണ്ടു വെട്ടിത്തിളങ്ങുന്ന, ഓള ങ്ങളിൽ ചാഞ്ചാടുന്ന ഒരു ശില്പം കണ്ടു. അതാണ് "SHE LIES" എന്ന സ്റ്റീൽകൊ ണ്ടും, ഗ്ലാസ്സ് കൊണ്ടും നിർമ്മിച്ച ശില്പം. മോണിക്ക ബോൺവിസിനിയാണ് ശില്പി. 12x17x16 മീറ്ററാണ് ഇതിന്റെ അളവുകൾ. വെള്ളത്തിന്റെ ഉപരിതല ത്തിൽ നിന്നും 12 മീറ്റർ ഉയരത്തിലാണ് ശില്പം. വേലിയേറ്റം, വേലിയിറക്കം, കാറ്റ് എന്നിവയനുസരിച്ച് ആടിക്കളിക്കുന്ന ഈ ശില്പത്തിൽ ആകാശത്തിന്റേ യും, വെള്ളത്തിന്റേയും കരയുടേയും പ്രതിഫലനങ്ങൾ പലതരം ഡിസൈനു കൾ മാറി മാറി വരുന്നത് കൗതുകത്തോടെയും അത്ഭുതത്തോടെയും കാണാൻ കഴിയും.

കാസ്പർ ഡേവിഡ് ഫ്രെഡറിക്ക് എന്ന ചിത്രകാരന്റെ The sea of Ice എന്ന പെയിന്റിംഗിനെ (1823-24) ആസ്പദമാക്കിയാണ് മോണിക്ക ഈ ശില്പ ത്തിന് 3D ഭാവം നൽകിയത്. ഈ ശില്പം ഒരു iceberg നേയാണ് പ്രതിനിധീകരി ക്കുന്നത്.

വീണ്ടും ബസ്സിൽ യാത്ര തുടർന്ന ഞങ്ങൾ ഓസ്‌ലോയിലെ സെൻട്രൽ റെയിൽവേ സ്റ്റേഷനും കണ്ടു. Oslo S എന്നാണതിന്റെ ഔദ്യോഗിക നാമം. നോർവേയിലെ ഏറ്റവും വലിയ സ്റ്റേഷനാണിത്. 19 ട്രാക്കുകളാണ് ഈ സ്റ്റേഷ നിലുള്ളത്. ഇവയിൽ പതിമൂന്നെണ്ണം വലിയൊരു ടണലിലൂടെയാണ് കടന്നു പോകുന്നത്!

പോകുന്ന വഴിക്ക് കൗതുകമാർന്നൊരു കാഴ്ച കണ്ടു. ഷർട്ടുകൾ തട്ടു തട്ടായുള്ള സ്റ്റാൻഡിൽ ഉണക്കാനിട്ടിരിക്കുന്നതുപോലെ തൂക്കിയിട്ടിരിക്കുന്നു. നോർവേയ്ക്ക് ഒരു വർഷം 93 ബില്യൺ നോർവീജിയൻ ക്രോണർ നേടിക്കൊടു ക്കുന്ന മത്സ്യം ഉണക്കുന്നതിന്റെ പ്രതീകമായിട്ടാണണത്രെ ഈ ഷർട്ടുകൾ

തൂക്കിയിട്ടിരിക്കുന്നത്. "ഹെയ്, എന്നാ പിന്നെ മീനിന്റെ ഷെയ്പ്പിലുള്ള തുണി തൂക്കിയിടാൻ പാടില്ലായിരുന്നാ"? എന്നായി വർഗ്ഗീസ് സാർ. അത് ശരിയാണല്ലോ എന്ന് ഞങ്ങൾക്കും തോന്നി.

ഉച്ചയ്ക്ക് "പഞ്ചാബി തന്തൂരി" റെസ്റ്റ്റന്റിൽ നിന്നും വടക്കേ ഇന്ത്യൻ രുചിയിലുള്ള സ്വാദുള്ള ഭക്ഷണം കഴിച്ചു. റസ്റ്റ്റന്റിനകത്ത് ഡാൻസുചെയ്യുന്ന, തൈരുകടയുന്ന, കണ്ണാടിയിൽ മുഖം നോക്കുന്ന പഞ്ചാബിത്തരുണികളുടെ കൊച്ചുകൊച്ച് പ്രതിമകൾ കണ്ടു.

(തുടരും)


സൺസൺ അവതരിപ്പിക്കുന്നു...

Sunson

മോഹന ചൂർണ്ണം

Rasayanam & Vajeekaranam

അകാരണമായ ക്ഷീണവും ശരീരം മെലിച്ചിലും ശമിപ്പിക്കുന്നു. ധാതുബലവും വാജീശക്തിയും വർദ്ധിപ്പിക്കുന്നു. സ്ത്രീകൾക്കും പുരുഷൻമാർക്കും ഉപയോഗപ്രദം. ഉപയോഗിച്ചു തുടങ്ങി 5 ദിവസംതൊട്ട് ഫലം ലഭിച്ചു തുടങ്ങുന്നു.

പ്രമുഖ ആയുർവ്വേദ/ ഇംഗ്ലീഷ് മരുന്ന് ഷോപ്പുകളിൽ അന്വേഷിക്കുക.

Shivaprasad S Shenoy's Sunson

Sunson Herbal Products
Sunson Junction, Payyanur - 670307,
Ph 04985- 202177 www.sunsonherbals.co.in

KOZHIKODE: P Krishnan PH: 2720260, Thali PH 2701653. Devi Pharma PH: 3042451, Prathyusha PH: 2722276, Sree Narayana Ayurvedics PH: 4022143, VADAKARA: Vishnu Agencies PH: 9847289736

സൺസൺ - പരമ്പരാഗത ശീലങ്ങളുടെ ആധുനിക രീതി

Rekha Creations

# ഭാരതീയ സ്ത്രീ: ഒരു വിഹഗാവലോകനം

(തുടർച്ച)

ആർ.ഹരി

**സ്ത്രീ ഇതിഹാസ കാലത്ത്**

ഭാരതത്തിന്റെ രണ്ട് ഇതിഹാസങ്ങളാണ് രാമായണവും മഹാഭാരതവും. ഇവയുടെ മൂല ഗ്രന്ഥകർത്താക്കൾ മഹർഷി വാല്മീകിയും ഭഗവാൻ വ്യാസനുമാണ്. രാമായണത്തിലെ മുഖ്യ സ്ത്രീകഥാപാത്രങ്ങൾ മൂന്നുതരത്തിൽ പെട്ടവരാണ്. ഒന്നാമത്തേത് കൊട്ടാരത്തിലെ സ്ത്രീകളാണ്. മഹാറാണി കൗസല്യാ, കൈകേയീ, സുമിത്ര, താര, ശൂർപണഖ, മണ്ഡോദരീ, സീത, സുലോചനമുതലായവർ ഈ കൂട്ടത്തിൽ പെടും. അഹല്യയും ശബരിയും രണ്ടാമത്തെ തരത്തിൽ പെട്ടവരാണ്. മന്ഥര അശോകവനത്തിലെ പാറവുകാരികൾ മുതലായവർ മൂന്നാമത്തെ വിഭാഗത്തിൽ പെടുന്നു. ഇവരുടെ ജീവിതത്തെ അപഗ്രഥിച്ചാൽ പല കാര്യങ്ങളും അറിയാനാകും. രാജകൊട്ടാരത്തിലെ സ്ത്രീകളെല്ലാവരും വിദ്യാസമ്പന്നരായിരുന്നു. ആകസ്മികമായ ആപത്തുകൾ ഒഴിവാക്കുവാൻവേണ്ടി അവരെല്ലാം പൂജാനുഷ്ഠാനങ്ങൾ നടത്തുന്നതായി കാണുന്നു. ദശരഥ മഹാരാജാവിന്റെ മരണത്തെ തുടർന്ന് അദ്ദേഹത്തിന്റെ ശവസംസ്കാരച്ചടങ്ങുകൾ നടത്തിയത് മൂന്ന് റാണിമാരും ഒരുമിച്ചായിരുന്നു. അക്കാലത്ത് സ്ത്രീകൾക്ക് ശ്രാദ്ധാധികാരം ഉണ്ടായിരുന്നുവെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം (വർത്തമാനകാലത്ത് കേരളത്തിലെ സ്ത്രീകൾ മാത്രമാണ് ഇത് നടത്തുന്നതായി കാണുന്നത്).

വിശേഷിച്ചും കിഷ്കിന്ധയിലെ താരയും ലങ്കയിലെ ശൂർപണഖയും രാജനീതിയിൽ നിപുണരായിരുന്നുവെന്ന് കാണുന്നു. രാജ്യത്തിന്റെ പരിസരപ്രദേശത്ത് ധനുർധാരികളായ രണ്ടു പുരുഷന്മാർ ചുറ്റിനടക്കുന്നതായി ഗുപ്തചരന്മാരിൽ നിന്നും ലഭിച്ച വിവരം രാജാവായ ബാലിയെ അറിയിച്ച് താരാ അദ്ദേഹത്തെ ജാഗ്രതപ്പെടുത്തുന്നുണ്ട്. ആദ്യദിവസം പരാജയപ്പെട്ട സുഗ്രീവൻ രണ്ടാമത്തെ ദിവസം വീണ്ടും ഏറ്റുമുട്ടാൻ വന്നപ്പോഴും തന്റെ ദുഃശങ്ക അറിയിച്ചുകൊണ്ട് താര ഇപ്രകാരം പറയുന്നു: 'സുഗ്രീവന്റെ ഈ വരവ് എനിക്ക് വിചിത്രമായി തോന്നുന്നു. അവന്റെ പിന്നിൽ പ്രബലനായ ഏതോ അജ്ഞാതനുള്ളതായി ഞാൻ ഭയപ്പെടുന്നു. 'താര'യുടെ മുന്നറിയിപ്പ് സത്യമായിരുന്നു എന്നത് ചരിത്രമാണ്. പിന്നീടും അത്യന്തം ദുഃഖപൂർണവും ദുരന്തപൂർണവുമായ അവസ്ഥയിൽ താരാബാലിയെ വധിച്ച ശ്രീരാമനോട് നേരിട്ട് സംസാരിച്ച് അംഗദന്റെ ഭാവി സുരക്ഷിതമാക്കി. അംഗദൻ കിഷ്കിന്ധയിലെ യുവരാജാവായി.

ശൂർപണഖയുടെ കാര്യം ഇതിലും വിചിത്രമാണ്. രാജകന്യക എന്ന നിലയ്ക്ക് തന്നെ ലങ്കയുടെ സ്വാധീനത്തിലുള്ള പ്രദേശങ്ങളിൽ അവൾ ഒറ്റക്ക് സഞ്ചരിച്ചിരുന്നു. തനിക്കുനേരെയുണ്ടായ അക്രമത്തിനു ശേഷം നേരെ ലങ്കയിലെ രാജസദസ്സിലെത്തിയ അവൾ, പ്രൗഢിയോടെ രാജസിംഹാസനത്തിൽ ഉപവിഷ്ടനായ ലങ്കാധിപനെഎല്ലാവരും കേൾക്കെ ശകാരിക്കാൻ തുടങ്ങുന്നു. സുദീർഘമായ തന്റെ അവതരണത്തിനിടയ്ക്ക് ഒരിക്കൽപോലും തനിക്കെ

തിരെ നടന്ന അതിക്രമത്തെക്കുറിച്ചു അവൾ പറഞ്ഞില്ല. അവളുടെ ഊന്നൽ മുഴുവനും വിശാലമായ ഭരണപ്രദേശങ്ങളിൽ താറുമാറായിക്കിടക്കുന്ന ഗുപ്തചര വ്യവസ്ഥയെക്കുറിച്ചായിരുന്നു. രാജാവെന്ന നിലക്ക് കൃത്യവിലോപം നടത്തിയതിന് രാവണനെകുറ്റപ്പെടുത്തുകയായിരുന്നു അവൾ. നിപുണയായ രാജ്യതന്ത്രജ്ഞ എന്ന നിലക്ക് അവൾ മുന്നറിയിപ്പ് നൽകി: "രാജൻ, മറ്റുള്ളവരുടെ സദുപദേശം നിരാകരിക്കുന്നത് അവിടുത്തെ സ്വഭാവമാണ്. രാജ്യത്തിന് അകത്തും പുറത്തും നടക്കുന്ന ഗതിവിഗതികളെക്കുറിച്ച് അവിടുന്ന് അജ്ഞനാണ്. അവിടുന്ന ആഡംബരത്തിന്റെ അടിമയായി തീർന്നിരിക്കുന്നു. ബുദ്ധിപൂർവ്വം തീരുമാനമെടുക്കാൻ കഴിവില്ലാത്തവനായിരിക്കുന്നു. അധികം താമസിയാതെ ഈ രാജ്യം തീർത്തും നശിച്ചുപോകും. മഹാശയ, അവിടുന്ന് ഗുരുതരമായ വിപത്തിന്റെ വക്കത്താണുള്ളത്." (വാല്മീകി രാമായണം. ആരണ്യകാണ്ഡം - 33. സംക്ഷേപം 1-23)

ലക്ഷ്മണനാൽ അപമാനിതയായിത്തീർന്ന ശൂർപണഖ ലങ്കയിലെ രാജസഭയിൽ ഒരിക്കൽ പോലും 'എന്റെ ജ്യേഷ്ഠാ' എന്ന് സംബോധനചെയ്തിട്ടില്ല. പ്രഖരമെങ്കിലും മാന്യമായ വാക്കുകളിൽ ആണ് അവൾ തന്റെ പരാതി ബോധിപ്പിച്ചത്. പാർലമെന്റിനെസംബന്ധിച്ച് "സഭയിൽ കടക്കരുത്, പോയാൽ യുക്തി സഹമായ കാര്യങ്ങൾ പറയണം. സഭയിൽ പ്രവേശിച്ച് അസംബന്ധം സംസാരിക്കുകയോ ഊമയെപ്പോലിരിക്കുകയോ ചെയ്യുന്നവർ, രണ്ടുകൂട്ടരും കുറ്റക്കാരാണ്.'18 എന്ന മനുവിന്റെ മാനദണ്ഡം വെച്ചുനോക്കുമ്പോൾ ശൂർപണഖ വിജയശാലിയായ സദസ്യയാണെന്ന് കാണുന്നു. മഹാറാണി കൗസല്യയുടെ മുന്നറിയിപ്പും, അതിന്റെ ഭാവം ഒരു പക്ഷെ രൗദ്രമായിരുന്നില്ല, മറിച്ച് ദൈന്യമായിരുന്നു എന്നിരിക്കിലും, ഇത്തരത്തിലുള്ളതായിരുന്നു. രാജകുമാരൻ രാമനെവനവാസത്തിന് അയയ്ക്കാൻ പോകുന്ന വിവരം ഞെട്ടലോടെ കേട്ട അവർ ദശരഥ രാജാവിനോട് പറഞ്ഞു: അല്ലയോ രാജൻ, അവിടുന്ന് ഈ രാഷ്ട്രത്തോട് ദ്രോഹം ചെയ്തിരിക്കുന്നു; സ്വരാജ്യത്തോട് ദ്രോഹം ചെയ്തിരിക്കുന്നു'!

വിശാലമായ ഭാരതവർഷത്തിൽ രാമായണകാലത്ത് മൂന്ന് നാഗരികതകൾ നിലനിന്നിരുന്നതായി കാണുന്നു. ലങ്കയിലെ നാഗരികത, കിഷ്കിന്ധയിലെ നാഗരികത, അയോധ്യയിലെ നാഗരികത. താര, ശൂർപണഖ, കൗസല്യ എന്നീ മൂന്ന് പ്രമുഖരുടെ രാജനൈതിക പാടവത്തെക്കുറിച്ച് പറഞ്ഞുകഴിഞ്ഞു. രാമായണ കാലത്തെ സ്ത്രീ വിദ്യാസമ്പന്നയായിരുന്നെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. സ്ത്രീ വീട്ടുകാര്യം, സമാജകാര്യം, രാജ്യകാര്യം എന്നിങ്ങനെമൂന്നു കാര്യങ്ങളിലും കഴിവുറ്റവളായിരുന്നു.

അദ്ധ്യാത്മിക സാധനയിലും സ്ത്രീകൾ മുഴുകിയിരുന്നു. രാമ-ലക്ഷ്മണന്മാർ അഹല്യയെ കണ്ടത് തീവ്ര തപസ്വിനിയുടെ രൂപത്തിലായിരുന്നു. അഹല്യ ജ്ഞാനയോഗിനി ആയിരുന്നെങ്കിൽ, വനവാസി വിഭാഗത്തിൽപ്പെട്ട ശബരി ഭക്തിയോഗിനിയായിരുന്നു. രാവണന്റെ ധർമ്മപത്നി മണ്ഡോദരി അഖണ്ഡ സാധികയായിരുന്നെന്ന് അനേകം രാമായണങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ, രാമായണ കാലത്തെ ഭാരതീയ സമൂഹം വൈദികകാലത്തെ പാരമ്പര്യം നിലനിർത്തിപ്പോന്നിരുന്നു എന്നർത്ഥം. മഹാഭാരത കാലത്തെ മഹിളകളുടെ മൂല്യനിർണയം വളരെയധികം കഠിനമാണ്. മഹത്തായ ആ കഥയുടെ സംഭവ

വേദി അത്യന്തം വിശാലമാണ്. അതിനോട് പൂർണ്ണമായും നീതിപുലർത്തണമെങ്കിൽ അതേക്കുറിച്ച് പ്രത്യേകമായി വളരെയധികം എഴുതേണ്ടിവരും. അതുകൊണ്ട് ഈ പ്രബന്ധത്തിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് രണ്ടോ മൂന്നോ ഉദാഹരണങ്ങൾ മാത്രം ഇവിടെ അവതരിപ്പിക്കാം.

**ദ്രൗപദിയുടെ ചോദ്യം**

കാണാൻ വളരെ ചെറിയ ഒരു സംഭവമാണ്. തുറന്ന രാജസദസ്സിൽ അടിമുടി അപമാനിതയായി നിൽക്കുന്ന ദ്രൗപദിയുടെ തുറന്ന ചോദ്യമിതാണ്: "ഈ ചതുരംഗക്കളിയിൽ എന്നെ ഇപ്രകാരം വാതുവെച്ചത് ശരിയാണോ, അതോ തെറ്റാണോ? ഈ സഭയിൽ സന്നിഹിതരായ എല്ലാവരും മറുപടി പറയണം."20 "ഈ ചോദ്യത്തിന് ഉത്തരം നൽകാൻ ഞാൻ അശക്തനാണ്" (തസ്മാത് നശക്തോമി വിവക്ത്തും ഏതത്) എന്നായിരുന്നു സ്വയം ഭീഷ്മപിതാവിന്റെ മറുപടി. രണ്ടുപക്ഷത്തെയും ദിഗ്ഗജങ്ങൾ മൗനമായി ഇരിക്കുന്നതു കണ്ടപ്പോൾ, തന്റെ ജീവിതത്തിലെ ഘോരാന്ധകാരപൂർണമായ ആ സന്ദർഭത്തിൽ ദ്രൗപദി പറഞ്ഞ വാക്കുകൾ ഇപ്രകാരമായിരുന്നു: "വൃദ്ധന്മാരില്ലാത്തയിടം സഭയല്ല; ധർമ്മത്തിന്റെ വിഷയത്തിൽ മൗനം ഭജിക്കുന്നവർ വൃദ്ധന്മാരല്ല; സത്യമില്ലാത്തിടത്ത് ധർമ്മമില്ല; വഞ്ചനയാൽ ബാധിക്കപ്പെട്ടത് സത്യമല്ല."21

ഇപ്പോൾ ഈ സുഭാഷിതം നാലുപാടും അറിയപ്പെടുന്നു. എന്നാൽ അത് കളങ്കിതയല്ലാത്ത കുലാംഗനയുടെ വ്രണിതമായ മനഃകാമ്പിലെ ബഡവാഗ്നിയിൽ നിന്നും ഉതിർന്ന അഗ്നിബാണമായിരുന്നുവെന്നത് വിസ്മരിച്ചുകൂടാ. അതിൽനിന്നും മുറിവേൽക്കാത്ത ഒരു പുരുഷൻ പോലും ആ സഭയിലുണ്ടായിരുന്നില്ല. കരാളമായ അന്ധകാരത്തിന്റെ മദ്ധ്യത്തിലും ആ ഹൃദയത്തിൽ നിന്നും ജ്വലിച്ചുയർന്ന സംസ്കാരം എത്രമാത്രം ഔന്നത്യമേറിയതായിരുന്നു? യാജ്ഞസേനി അക്ഷരാർത്ഥത്തിൽ തന്നെ യജ്ഞത്തിൽ നിന്നും ഉയർന്നുവന്ന സേനാനി തന്നെയായിരുന്നു. ധൃതരാഷ്ട്രർ സാന്ത്വനിപ്പിക്കാൻവേണ്ടി വരം ചോദിക്കാൻ ദ്രൗപദിയോട് ആവശ്യപ്പെട്ടു. ആ ബുദ്ധിമതി ധർമ്മപുത്രനെദാസ്യത്തിൽ നിന്ന് മോചിപ്പിക്കണമെന്ന വരം ആവശ്യപ്പെട്ടു. രണ്ടാമതൊരു വരം ചോദിക്കാൻ ആജ്ഞാപിച്ചപ്പോൾ ആ വരത്തിലൂടെ മറ്റ് നാലു ഭർത്താക്കന്മാരേയും ദാസ്യത്തിൽ നിന്ന് മുക്തരാക്കി. "ഞാൻ കൃതകൃത്യനായിത്തീർന്നിരിക്കുന്നു; ഇനിയും ഒരു വരം ചോദിച്ചാലും" അന്ധനായ രാജാവ് വീണ്ടും ആവശ്യപ്പെട്ടു. "ഭഗവൻ, ലോഭം ധർമ്മത്തെ നശിപ്പിക്കും. മൂന്നാമതൊരു വരം ആവശ്യപ്പെടാൻ എനിർക്കർഹതയില്ല. വൈശ്യന് ഒരു വരം ചോദിക്കാനുള്ള അവകാശമുണ്ട്. ക്ഷത്രിയ സ്ത്രീക്ക് രണ്ടു വരങ്ങൾ ആവശ്യപ്പെടാം. ക്ഷേത്രിയ പുരുഷന്മാർക്ക് മൂന്നെണ്ണം ആവശ്യപ്പെടാം. ബ്രഹ്മണന്മാർക്ക് നൂറ് വരവും ആവശ്യപ്പെടാം. അങ്ങയുടെ രണ്ട് വരങ്ങൾ കൊണ്ട് എന്റെ എല്ലാ ഭർത്താക്കന്മാരും മോചിതരായി. അവരുടെ ആശ്രയം കൊണ്ട് എനിക്ക് എല്ലാതരത്തിലുള്ള യശസ്സ് ലഭിക്കും."22

"ലോഭോ ധർമ്മസ്യ നാശായ" എന്ന ഉത്തമവാക്യം ആ സഭയിൽ കുറേ നേരത്തേയ്ക്ക് പ്രതിധ്വനിച്ചിട്ടുണ്ടായിരിക്കണം. എന്നാൽ കലിബാധിച്ച വേളയിൽ കാലാതിശായിയായ അതിന്റെ സന്ദേശം ആരാണ് ഗ്രഹിച്ചിട്ടുണ്ടായിരിക്കുക! ദ്രൗപദി ശാസ്ത്രമറിയുന്നവളായിരുന്നു. അവളുടെ പെരുമാറ്റവും തദനുസൃത

മായിരുന്നു. ഈ കാരണത്താലാണ് അത്യന്തം വിഷമകരമായ പരിതസ്ഥിതിയിലും തികഞ്ഞ സംയമനത്തോടെ സിംഹാസനത്തിലുപവിഷ്ടനായ രാജാവിന് ശാസ്ത്രോക്തി പറഞ്ഞു മനസ്സിലാക്കാൻ അവർക്കായത്. രണ്ടാമത്തെ ഉദാഹരണം രാജമാതാവായ കുന്തിയുടേതാണ്. മഹാത്മാവായ വിദുരന്റെ വസതിയിൽവെച്ച് അവരെ കണ്ട ദൂതനായ കൃഷ്ണൻ, 'പുത്രന്മാർക്ക് എന്ത് സന്ദേശമാണ് നൽകാനുള്ളത്, ദുര്യോധനൻ ഞാൻ പറഞ്ഞത് കേട്ടില്ല' എന്നു ചോദിച്ചപ്പോൾ സ്വാഭിമാനപൂർണവും ധീരോദാത്തവുമായ അവരുടെ മറുപടി "ഏതൊരു കാര്യത്തിനു വേണ്ടിയാണോ ക്ഷത്രിയർ സന്താനങ്ങൾക്ക് ജന്മം നൽകുന്നത് ആ കാര്യം നിറവേറ്റാനുള്ള സമയം എന്റെ കുട്ടികൾക്ക് സമാഗതമായിരിക്കുന്നു"23 എന്നായിരുന്നു. പിന്നീട്, മഹായുദ്ധത്തിൽ വിജയിച്ച പാണ്ഡവരിൽ മൂത്തവനായ യുധിഷ്ഠിരൻ കുരുകുലത്തിന്റെ രാജാധിരാജനായി തീർന്നപ്പോൾ, രാജമാതാവായ കുന്തി ധൃതരാഷ്ട്ര ദമ്പതിക്കൊപ്പം വാനപ്രസ്ഥാനത്തിന് പുറപ്പെട്ടു. പുത്രന്മാർ വളരെ നിർബന്ധിച്ചിട്ടും അവർ പറഞ്ഞു: "മക്കളെ, പണ്ട് എന്റെ ഭർത്താവ് ആർജ്ജിച്ച വൈഭവം ഞാൻ യഥേഷ്ടം അനുഭവിച്ചിട്ടുണ്ട്. ഇനി എന്റെ മക്കൾ നേടിയ വൈഭവം അനുഭവിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. വാനപ്രസ്ഥികളായ ഭർതൃജ്യേഷ്ഠന്റേയും പത്നിയുടേയും ശുശ്രൂഷതന്നെയാണ് ഇനി എനിക്ക് തപസ്സ്. അതുതന്നെയാണ് എനിക്ക് പുണ്യപ്രദം. അപ്രകാരം എന്റെ മരണവും സംഭവിക്കും."24

വഞ്ചനയിലൂടെ, ബലപ്രയോഗത്തിലൂടെ ചിലപ്പോഴൊക്കെ കോടതി തീരുമാനത്തെ മറികടന്നും അധികാരകസേരയിൽ അള്ളിപ്പിടിച്ചിരിക്കുന്ന നേതാക്കന്മാരോട് താരതമ്യം ചെയ്യുമ്പോൾ കുന്തീ മാതാവിന്റെ മഹത്വത്തെക്കുറിച്ച് നമുക്ക് ബോധ്യപ്പെടും. 'സത്സംഗത്തിൽ നിന്ന് നിസ്സംഗതയിലേക്ക്, നിസ്സംഗതയിൽ നിന്ന് നിർമോഹത്തിലേക്ക്, നിർമോഹത്തിൽ നിന്ന് നൈർമല്യത്തിലേക്ക്, നൈർമല്യത്തിൽ നിന്ന് നിർവാണത്തിലേക്ക്" എന്ന് നമ്മുടെ ആദ്ധ്യാത്മിക ആചാര്യന്മാർ പറഞ്ഞ തലത്തിലായിരുന്നു കുന്തീമാതാവ്. ആത്മസംയമനം നേടിയ യോഗിരാജനെപ്പോലെ രാജമാതാവ് രാജവൈഭവം പാടെ ഉപേക്ഷിക്കുകയാണ് ചെയ്തത്.

**വ്യാസന്റെ ശകുന്തള**

മറ്റൊരുദാഹരണം കാളിദാസന്റെ ശകുന്തളയുടേതല്ല, മറിച്ച് വ്യാസമഹർഷിയുടെ ശകുന്തളയുടേതാണ്. ദുഷ്യന്ത രാജാവ് അവളോട് കടുത്ത അനീതിയാണ് കാണിച്ചത്. ഗാന്ധർവ വിവാഹം കഴിച്ചശേഷം തന്റെ വാക്കു തെറ്റിച്ചുകൊണ്ട് അവളെ കണ്വാശ്രമത്തിൽ നിന്നും രാജകൊട്ടാരത്തിലേക്ക് കൂട്ടികൊണ്ടു വന്നില്ല. അതിനിടയ്ക്ക് ആശ്രമത്തിൽ വെച്ചുതന്നെ അവൾ പുത്രനെപ്രസവിച്ചു. പ്രാരംഭസംസ്കാരങ്ങൾ ഋഷിവാടത്തിൽ നിന്നും ലഭിച്ച ബാലനെയും കൊണ്ട് അമ്മയായ ശകുന്തള രാജകൊട്ടാരത്തിൽ എത്തിയപ്പോൾ, 'തിരിച്ചറിഞ്ഞിട്ടുപോലും' രാജാവ് അവളെ തിരസ്കരിച്ചു. "രാജാസ്മരൻ അപി നസ്മരാമി അബ്രവീത്' (ആദിപർവ്വം 74-19) എന്നാണ് മൂലവാക്യം. രാജാവ് അവളെ 'ദുഷ്ടതാപസീ' എന്നാണ് വിശേഷിപ്പിച്ചത്. രാജാവിന്റെ വാക്കുകൾ കേട്ടമാത്രയിൽ കണ്വന്റെ മകൾ ആദ്യം ലജ്ജിക്കുന്നു. പിന്നീട് ദുഃഖിക്കുന്നു. വെളിവില്ലാതെ തൂണുപോലെ തരിച്ചുനിൽക്കുന്നു. പിന്നെ ചൊടിക്കുന്നു. അവളുടെ കണ്ണുകൾ

ചുവക്കുന്നു, ചുണ്ടുകൾ വിറയ്ക്കുന്നു, തീപ്പൊരി പാറുന്ന തീക്ഷ്ണമായ അവളുടെ നോട്ടം മുമ്പിൽ നിൽക്കുന്നവനെഭസ്മമാക്കിത്തീർക്കാൻ പോന്നതായിരുന്നു. എന്നാൽ അവൾ തപസ്സുകൊണ്ട് നേടിയ തേജസ്സിനെഅടക്കി നിർത്തുന്നു, മുഹൂർത്ത നേരം ധ്യാനിച്ചുനിൽക്കുന്നു. ശേഷം അമർഷവും ദുഃഖവും കടിച്ചുപിടിച്ച ക്രോധത്തോടെ ഭർത്താവിനോട് പറയുന്നു: "മഹാരാജാവെ! അറിഞ്ഞുകൊണ്ടെന്തേ പ്രാകൃത മനുഷ്യരെപ്പോലെ ഇങ്ങനെകള്ളം പറയുന്നു. മനഃസാക്ഷിയെ വഞ്ചിക്കരുത്. ഞാൻ ഒറ്റയ്ക്കെന്നാണോ കരുതുന്നത്? എന്നിൽ ജഗത്സാക്ഷി കുടികൊള്ളുന്നു. അവൻ അങ്ങയുടെ പാപം കാണുന്നുണ്ട്. സത്യമെന്തെന്ന് ദേവഗണത്തിനറിയാം. സൂര്യൻ, ചന്ദ്രൻ, അഗ്നി, വായു, ആകാശം, പൃഥ്വി, ജലം, യമൻ, പ്രാണൻ, പകൽ, രാത്രി, ഇരുസന്ധ്യകൾ, ധർമ്മം ഇവരെല്ലാം മനുഷ്യന്റെ ചെയ്തികളെ കാണുന്നുണ്ട്. മഹാരാജൻ കേട്ടാലും! പുത്രരൂപത്തിൽ ജായയിൽ ജനമമെടുക്കുന്നത് ഭർത്താവ് തന്നെയാണ്. ഈ ബാലൻ പും എന്ന നരകത്തിൽ നിന്നു അങ്ങയെ ത്രാണനം ചെയ്യുന്ന അങ്ങയുടെ മകൻ തന്നെയാണ്. ഹേ ഭൂപാലാ! ഭാര്യയെക്കുറിച്ച് അങ്ങ് എന്താണ് കരുതിയിരിക്കുന്നത്? വീട്ടുകാര്യങ്ങളിൽ ശ്രദ്ധയുള്ളവളാണ് ഭാര്യ. സന്താനങ്ങളെ തരുന്നവളാണ് ഭാര്യ. ഭർത്താവ് പ്രാണനായും ഭർത്താവിനെപ്രാണനായും കരുതുന്നവളാണ് ഭാര്യ. പതിവ്രതയാണ് ഭാര്യ. ഭർത്താവിന്റെ പാതിയാണ് ഭാര്യ. ഭർത്താവിന്റെ ഏറ്റവും ഉറ്റ സുഹൃത്താണ് ഭാര്യ. ധർമ്മാർത്ഥകാമമോക്ഷങ്ങൾ നേടിത്തരുന്നവളാണ് ഭാര്യ. സംസാരത്തിന്റെ മറുകര എത്തിക്കുന്നവളാണ് ഭാര്യ. ഭാര്യയുള്ളവൻ കർമ്മണ്യനായിരിക്കും. ഭാര്യായുക്തനായ പുരുഷനാണ് വിജയശാലിയായ ഗൃഹസ്ഥൻ. ശ്രേയസ്സിന്റെ അടിസ്ഥാനം ഭാര്യയാണ്. നിഃശ്രേയസ്സത്തിന്റെ വഞ്ചി ഭാര്യയാണ്. ഭാര്യയെ കൂടാതെ ഋഷിക്കു സന്താനവാനാകാൻ എങ്ങനെസാധിക്കും?" (ആദിപർവ്വം - 74 സംക്ഷിപ്തം).

നിർഭയമായി ഇത്രയും കാര്യങ്ങൾ പറഞ്ഞു കഴിഞ്ഞശേഷം ശകുന്തള മർമ്മത്തിൽ കുത്തുന്നപോലെ പറയുന്നു: 'മഹാരാജൻ, മണ്ണിൽ കിടന്നുരുണ്ടു ശരീരത്തിൽ മണ്ണുപുരണ്ട ചെറിയ കുട്ടി ഓടിവന്ന് അച്ഛന്റെ മടിയിൽ കയറിയിരിക്കുമ്പോൾ സ്വർഗ്ഗാനന്ദമനുഭവിക്കാത്ത അച്ഛനേതുണ്ട്? ക്ഷുദ്രജീവികളായ ഉറുമ്പുകൾപോലും അവയുടെ മുട്ടകൾ പൊട്ടിച്ചുകളയാറുണ്ടോ? അങ്ങ് എന്നെ തിരസ്കരിച്ചാൽ ഞാൻ വീണ്ടും ആശ്രമത്തിലേക്ക് തിരിച്ചുപോകും. അപ്പോഴും അങ്ങ് അങ്ങയുടെ മകനെത്യജിക്കരുതെന്ന് ഒരേപക്ഷയുണ്ട്." ഈ അവസരത്തിൽ ഒരശരീരിയുണ്ടായതിനെതുടർന്ന് ചിത്രമാകെ മാറി. ശോകത്തിലവസാനിക്കേണ്ടത് ശുഭപര്യവസായിയായി തീർന്നു.

എന്നാൽ ഇവിടത്തെ പ്രതിപാദ്യവിഷയം മഹാഭാരതത്തിലെ ശകുന്തളയുടെ ജാജ്വല്യമാനമായ വ്യക്തിത്വമാണ്. ഇതിൽ പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ട കാര്യം ആശ്രമത്തിൽ നിന്നുനേടിയ സംസ്കാരങ്ങളുടെ ഫലമായി പൊട്ടിത്തെറിയുടെ നിമിഷത്തിലും അവർക്ക് സംയമനം പാലിക്കാൻ സാധിച്ചു എന്നതാണ്. മുമ്പ് പ്രതിപാദിച്ച വാക്കനുസരിച്ച് അവൾ ജായ ആയിരുന്നു: എന്നാൽ പുല്ലിംഗ ബഹുവചനീയ ദാരാ! സാമൂഹ്യമായ ദൃഷ്ടിയിൽ ഇവിടെ മറ്റൊരു വസ്തുത അനാവരണം ചെയ്യപ്പെടുന്നുണ്ട്. ആ കാലഘട്ടത്തിൽ ഋഷികളുടെ ആശ്രമങ്ങളിൽ കന്യകമാർക്ക് പ്രവേശനം ഉണ്ടായിരുന്നതോടൊപ്പം ആശ്രമം

പരിപാലിക്കുന്ന ഉത്തരവാദിത്തവുമുണ്ടായിരുന്നു. കന്യകമാർക്ക് വേദമന്ത്രങ്ങൾ അറിയമായിരുന്നു. ശാസ്ത്രത്തിന്റെ നിർദ്ദേശങ്ങൾ എന്തെന്നവർക്ക് അറിയാമായിരുന്നു. അതിഥി സത്കാരത്തിൽ അവർക്ക് നൈപുണ്യമുണ്ടായിരുന്നു. യുക്തിയുക്തമായി കാര്യങ്ങൾ പറയുവാൻ അവർ സങ്കോചിച്ചിരുന്നില്ല. ആർജ്ജവം അവരുടെ സ്വഭാവമായിരുന്നു. ചുരുക്കത്തിൽ, വേദകാലത്തെ പാരമ്പര്യങ്ങൾ പുരാണങ്ങളുടെ കാലത്തും അഭംഗുരം തുടർന്നുപോന്നു.

**ദ്വാരകയിലെ ദ്വാരപാലികമാർ:**

മഗധയിലെ രാജാവ് ജരാസന്ധന്റെ നടക്കാനിടയുള്ള ആക്രമണങ്ങളിൽ നിന്നും രക്ഷപ്പെട്ട സുഖത്തോടെയും ശാന്തിയോടെയും ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നതിനായ യാദവന്മാർ ശ്രീകൃഷ്ണന്റെ നേതൃത്വത്തിൽ ഭാരതവർഷത്തിന്റെ പടിഞ്ഞാറെ അതിർത്തി ദ്വാരക നിർമ്മിച്ചു. സൈനിക ദൃഷ്ടിയിൽ, അപ്രതിഹതമായ കടലിനാൽ ചുറ്റപ്പെട്ട നഗരിയായിരുന്നു അത്. കിടയറ്റ ആസൂത്രകനായ ശ്രീകൃഷ്ണൻ കാരണം അവിടത്തെ സ്ത്രീകളും കന്യകമാരും ധനുർവിദ്യയിൽ ചാതുര്യം നേടിയ വീരവനിതകളായിരുന്നു. തന്റെ ഗണരാജ്യത്തിന്റെ സവിശേഷതകൾ വർണ്ണിച്ചുകൊണ്ട് ശ്രീകൃഷ്ണൻ പാണ്ഡവരോട് പറഞ്ഞത് ഇതാണ്: "അവിടെ സ്ത്രീകൾ പോലും യുദ്ധം ചെയ്യാൻ അറിയുന്നവരാണ്, അപ്പോൾ പിന്നെ മഹാരഥന്മാരുടെ കാര്യം പറയാനുണ്ടോ! ഈ കാരണം കൊണ്ടാണ് ഞങ്ങൾ യാതൊരു ഭയവും കൂടാതെ അവിടെ കഴിയുന്നത്. 25 വേദകാലത്തെ പദാവലി ഉപയോഗിച്ച് പറഞ്ഞാൽ, ദ്വാരകയിലെ എല്ലാ സ്ത്രീകളും പുരന്ധ്രിമാർ അഥവാ വിശ്പലമാർ ആയിരുന്നു.

മനുസ്മൃതിപോലുള്ള ഗ്രന്ഥങ്ങളല്ല, മറിച്ച് വ്യാസന്റെ മഹാഭാരതമാണ് ജീവിതകഥകളുടെ രത്നഖനി. അതുകൊണ്ട്, അതിലെ സംഭവങ്ങളുടെ വെളിച്ചത്തിൽ മൂല്യനിർണയം ചെയ്യുന്നതായിരിക്കും കൂടുതൽ വിജ്ഞാനപ്രദം. അതിൽ യുധിഷ്ഠിരന്റെ സംശയങ്ങൾക്ക് ഭീഷ്മർ മറുപടി പറയുന്ന രണ്ട് പർവ്വങ്ങളാണ് ശാന്തിപർവ്വവും അനുശാസനപർവ്വവും. അവയിൽ രണ്ടിലും സ്ത്രീകളെ സംബന്ധിക്കുന്ന യുധിഷ്ഠിരന്റെ ചോദ്യങ്ങൾക്ക് പിതാമഹൻ തന്റെ പൗത്രന് മറുപടി നൽകുന്നുണ്ട്. ഇതെല്ലാം സങ്കലനം ചെയ്താൽ പ്രസ്തുത വിഷയത്തെക്കുറിച്ച് നല്ലൊരു സുഭാഷിതഗ്രന്ഥം തയ്യാറാക്കാം. അത് അത്യന്തം സാർത്ഥകമായ വ്യാഖ്യാനഗ്രന്ഥമായിരിക്കുകയും ചെയ്യും. എന്നാൽ, മാതൃകയായി വിഷയാനുസാരമായി ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കട്ടെ. സ്ത്രീ ആരാണ്? "അവൾ ഐശ്വര്യം കാംക്ഷിക്കുന്നവർക്ക് ആരാധ്യയും ആത്മാർത്ഥതയോടെ പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നവർക്ക് ലക്ഷ്മിയുമായിത്തീരുന്നു."26 മകൾ ആരാണ്? അവൾ സാക്ഷാൽ ലക്ഷ്മിയാണ്. അവൾ ശുഭയാണ്, ശോഭനയാണ്. മംഗളകർമ്മങ്ങളിൽ പൂജ്യയാണ്.27 ഭാര്യ ആരാണ്? മേൽപ്പറഞ്ഞ ശകുന്തളയുടെ വാക്കുകൾ നോക്കുക. അമ്മ ആരാണ്? വനപർവ്വത്തിന്റെ അവസാനഭാഗത്ത് യക്ഷൻ യുധിഷ്ഠിരനോട് ചോദിക്കുന്നു. "ഭൂമിയെക്കാൾ ഭാരമേറിയതേതാണ്?" "മാതാ ഗുരുതരാ ഭൂമേ:" എന്നായിരുന്നു മറുപടി. അതിലും സ്പഷ്ടമായ മറുപടിയിതാ: പത്ത് ആചാര്യന്മാരേക്കാൾ ശ്രേഷ്ഠനാണ് ഒരു ഉപാദ്ധ്യായൻ; പത്ത് ഉപാദ്ധ്യായന്മാരേക്കാൾ ശ്രേഷ്ഠനാണ് പിതാവ്: പത്ത് പിതാക്കന്മാരേക്കാൾ ശ്രേഷ്ഠയാണ് മാതാവ്: മാതാവ് ഭൂമിയേക്കാൾ ശ്രേഷ്ഠയാണ്."28

ചുരുക്കത്തിൽ വേദകാലത്തേയും പുരാണകാലത്തേയും നാഗരികതകൾ വ്യത്യസ്തങ്ങളായിരുന്നെങ്കിലും സംസ്കാരം ഒന്നുതന്നെയായിരുന്നു. സഹസ്രാബ്ദങ്ങളുടെ അന്തരമുണ്ടായിട്ടും സമാജത്തിനുമേൽ ശാശ്വത മൂല്യങ്ങൾക്കുണ്ടായിരുന്ന സ്വാധീനം സുദൃഢമായിരുന്നു. രാഷ്ട്രജീവിതം അഭംഗുരവും അനവരതവുമായി മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു.

തുടരും

*സൂചിക:*

*18. സഭാം വാ നപ്രവേഷ്ടവ്യം വാ സമഞ്ജസം അബ്രുവൻ വിബ്രുവൻ വാ പി നരോ ഭവതി കിൽബിഷീ (മനുസ്മൃതി 8-13)*

*19. ഹതം ത്വയാ രാഷ്ട്രമിദം സ്വരാജ്യം*
*ഹതാ സ്മ സർവാഃ സഹമന്ത്രിഭിശ്ച*
*(വാത്മീകി രാമായണം - അയോദ്ധ്യാ 61-26)*

*20. ഇമം പ്രശ്നം ഇമേ ബ്രൂത സർവ ഏവ സഭാസദഃ*
*ജിതാം വാപ്യജിതാം വാ മാം മന്യധ്വേ സർവഭൂമിപാഃ*
*(മഹാഭാരതം - സഭാപർവ്വം 67-41)*

*21. നസാ സഭാ യത്ര നസന്തി വൃദ്ധാ:*
*നതേ വൃദ്ധാഃ യേ നവദന്തി ധർമ്മം*
*നാസൗ ധർമ്മോ യത്ര നസത്യമസ്തി*
*നതത് സത്യം യത് ഛലേനാനുവിദ്ധം.*
*(മഹാഭാരതം സഭാപർവ്വം 67-53)*
*ഇതേ ശ്ലോകം വീണ്ടും ഉദ്യോഗപർവ്വം അദ്ധ്യായം 35-58ൽ കാണാം.*

*22. ലോഭോ ധർമ്മസ്യ നാശായ ഭഗവൻ നാഹമുത്സാഹേ അനാർഹാ വരമാദാതും തൃതീയം രാജസത്തമ*
*ഏകമാഹുർ വൈശ്യവരം ദ്വൗ തു ക്ഷത്രസ്ത്രിയാ വരൗത്രയസ്തു രാജ്ഞോ രാജേന്ദ്ര ബ്രാഹ്മണസ്യ ശതം വരാ: പാപിയാംസ ഇമേ ഭൂത്വാ സംതീർണാ പതയോ*
*വേത്സ്യന്തി ചൈവ ഭദ്രാണി രാജൻ പുണ്യേനകർമ്മണാ! (മഹാഭാരതം - സഭാപർവ്വം 71 - 34, 36)*

*23. 'യദർഥം ക്ഷത്രിയാ സൂതേ തസ്യ കാലോയമാഗതഃ*
*(മഹാഭാരതം ഉദ്യോഗപർവ്വം 137-10)*

*24. ഭുക്തം രാജ്യഫലം പുത്രാഃ ഭർതുർമേ വിപുലം പുരാ. (മഹാഭാരതം - ആശ്രമവാസികപർവ്വം 17-17)*
*നാഹം രാജ്യഫലം പുത്രാ: കാമയേ പുത്രനിർജിതം പതിലോകാനഹം പുണ്യാൻ കാമയേ തമസാ വിഭോ. (ആശ്രമ വാസികപർവ്വം 17-19)*
*ശ്വശ്രൂ - ശ്വശുരയോഃ കൃത്വാ ശുശ്രൂഷാം വനവാസിനോഃ*
*തപസാ ശോഷയിഷ്യാമി യുധിഷ്ഠിര കലേബരം.*
*(ആശ്രമവാസികപർവ്വം 17-20)*

*25. ശ്രീയോ പി യസ്യാം യുദ്ധേയുഃ കിമു വഷ്ണി മഹാരഥാഃ*
*(മഹാഭാരതം. സഭാപർവ്വം 14-51)*
*തസ്യാം വയമമിത്രഘ്നനിവാസാമോ കുതോ ഭയാഃ*
*(മഹാഭാരതം സഭാപർവ്വം 14-52)*

*26. ശ്രിയ ഏതാഃ സ്ത്രിയോ നാമ സത്കാര്യാ ഭൂതിമിച്ഛതാ പാലിതാ നിഗൃഹീതാ ച ശ്രീ: സ്ത്രീ ഭവതി ഭാരത*
*(മഹാഭാരതം - അനുശാസനപർവ്വം 46-15)*

*27. നിത്യാം നിവസതേ ലക്ഷ്മീ: കന്യകാസു പ്രതിഷ്ഠിതാ*
*ശോഭനാ ശുഭയോഗ്യ ച പൂജ്യാ മംഗലകർമ സു*
*(മഹാഭാരതം - അനുശാസനപർവ്വം 22-33)*

*28. ദശാചാര്യാനുപാദ്ധ്യായ ഉപാദ്ധ്യായൻ പിതാ ദശ*
*ദശ ചൈവ പിതൃൻ മാതാ സർവാ വാ പൃഥിവീമപി.*
*(മഹാഭാരതം അനുശാസനപർവ്വം 105-14, 15)*

# കൃഷ്ണയും കാവേരിയും മഹാനദിയും

പത്മജ്

**കൃഷ്ണ:**

ഭാരത ഉപദ്വീപിലെ പ്രമുഖ നദിയാണ് കൃഷ്ണ. സഹ്യാദ്രിപർവ്വത നിരകളിൽ മഹാബലേശ്വറിനു വടക്കു സ്ഥിതിചെയ്യുന്ന കരാഡിൽ നിന്നാണ് കൃഷ്ണ ഉത്ഭവിക്കുന്നത്. ഈ സ്ഥലം സിന്ധു സാഗരത്തിന്റെ 60 കിലോമീറ്റർ കിഴക്കാണ് സ്ഥിതിചെയ്യുന്നത്. വാരണ, പഞ്ചഗംഗ, ഘടപ്രഭ, മല്ലപ്രഭ മുതലായ ചെറു നദികളിലെ ജലം സംഭരിച്ച് തെക്ക്- കിഴക്ക് ദിശയിൽ സഞ്ചരിച്ച് കർണ്ണാടകയിലേക്ക് പ്രവേശിക്കുന്ന കൃഷ്ണാനദിയുടെ രണ്ട് പോഷക നദികളാണ് തുംഗഭദ്ര, ഭീമ എന്നിവ. ചന്ദ്രഭാഗാനദി തീർത്ഥാടക കേന്ദ്രമായ പണ്ഡർപൂരിൽ ഭീമാനദിയിൽ ലയിക്കുന്നു.ആന്ധ്രപ്രദേശിൽ സുദീർഘമായി സഞ്ചരിക്കുന്ന കൃഷ്ണ മഹേന്ദ്ര പർവ്വതനിരകൾ ഭേദിച്ച് ഗംഗാസാഗരത്തിൽ ലയിക്കുന്നിടത്ത് വിശാലമായ ത്രിഭുജപ്രദേശം സൃഷ്ടിക്കുന്നു. സതാരാ, സാംഗ്ലി, രായചൂർ, വിജയവാഡ, നാഗാർജ്ജുന സാഗർ എന്നിവ 1280 കിലോമീറ്റർ നീളമുള്ള കൃഷ്ണാനദിയുടെ തീരത്ത് സ്ഥിതിചെയ്യുന്നു.

**കാവേരി:**

ഭാരതത്തിലെ പ്രമുഖ നദികളിൽ ഏറ്റവും തെക്ക് വശത്ത് സ്ഥിതിചെയ്യുന്ന നദിയാണ് കാവേരി. കർണാടകത്തിലെ കൂർഗ് ജില്ലയിൽ സഹ്യാദ്രി പർവ്വതത്തിന്റെ തെക്കെ അറ്റത്ത്നിന്നും ഉത്ഭവിച്ച് തെക്ക് - കിഴക്ക് ദിശയിലേക്ക് നീങ്ങി 800 കിലോമീറ്റർ സഞ്ചരിച്ച് കടലിൽ ചെന്ന് ലയിക്കുന്നതിന് മുമ്പ് പല ശാഖകളായി പിരിഞ്ഞ് ത്രിഭുജപ്രദേശങ്ങൾ സൃഷ്ടിക്കുന്നു. അഗ്നിപുരാണത്തിലും, വിഷ്ണുപുരാണത്തിലും കാവേരിയെക്കുറിച്ച് വിശദമായ വർണ്ണനയുണ്ട്. അനേകം ചെറിയനദികൾ വന്നു ചേരുന്ന കാവേരിയുടെ പ്രമുഖ പോഷകനദികളാണ് കനകവതി, ഹേമവതി, ലക്ഷണതീർത്ഥ എന്നിവ. ചില സ്ഥലങ്ങളിൽ വിശാലമായും മറ്റ് ചില സ്ഥലങ്ങളിൽ ഇടുങ്ങിയും ഒഴുകുന്ന കാവേരി മൂന്ന് സ്ഥലങ്ങളിൽ ശാഖകളായി പിരിഞ്ഞ് വീണ്ടും ഒന്നായിത്തീരുന്നു. ഇതിന്റെ ഫലമായുണ്ടായ മൂന്ന് പുണ്യദ്വീപുകളാണ് ശ്രീരംഗപട്ടണം, ശിവസമുദ്രം, ശ്രീരംഗം എന്നിവ. ഈ മൂന്നിടത്തും രംഗനാഥസ്വാമി ക്ഷേത്രങ്ങൾ സ്ഥിതി ചെയ്യുന്നു. പ്രശസ്ത ശൈവ തീർത്ഥമായ ചിദംബരവും ജംബുകേശ്വരവും ശ്രീരംഗത്തിനടുത്താണ്. തഞ്ചാവൂർ, കുംഭകോണം, തിരുച്ചിറപ്പള്ളി എന്നീ നഗരങ്ങൾ കാവേരിയുടെ തീരത്താണ് സ്ഥിതി ചെയ്യുന്നത്.

**മഹാനദി:**

ഒഡീഷ (ഉത്കൽ) സംസ്ഥാനത്തിലെ പ്രമുഖ നദിയായ മഹാനദി മദ്ധ്യ പ്രദേശിലെ രായ്പൂർ ജില്ലയുടെ തെക്ക്- കിഴക്ക് സ്ഥിതി ചെയ്യുന്ന സിഹാംവാ പർവ്വതനിരകളിൽ നിന്നുത്ഭവിച്ച് 860 കിലോമീറ്റർ ദൂരം സഞ്ചരിച്ച് ഒഡീഷയിലെ കട്ടക്കിനുടുത്ത് വെച്ച് സമുദ്രത്തിൽ ലയിക്കുന്നു. പകുതിദൂരം ഛത്തീസ്ഗ ഡിലെ രായ്പൂർ,ബസ്തർ, ബിലാസ്പൂർ, രായ്ഗഡ് ജില്ലകളിലൂടെയാണ് നദി യുടെ സഞ്ചാരം. ശിവനാഥ്, ജോംക്, ഹസ്ദോം എന്നിവ മഹാനദിയുടെ പോഷ കനദികളാണ്. ഇതിലെ വെള്ളം കൃഷിക്കും വൈദ്യുതിയുടെ ഉത്പാദനത്തിനും വേണ്ടിയാണ് ഉപയോഗിക്കുന്നത്. മഹാനദിയിലെ ഹിരാക്കുണ്ഡ് അണക്കെട്ട് ലോകത്തെ ഏറ്റവും നീളം കൂടിയതാണ്.

ഇതുവരെ ഈ പംക്തിയിൽ പരാമർശിച്ചു കഴിഞ്ഞ ഗംഗ മുതൽ മഹാ നദി വരെയുള്ള നദികൾ കൂടാതെ ഭാരതീയർ പുണ്യനദികളായി കരുതുന്നവ യാണ് താമ്രപർണി, അവതോദ, കൃതമാമ, വേണി, പയസ്വിനി, തുംഗഭദ്ര, സോന, സരയു, കോസി, മഹേന്ദ്രതനയ, നേത്രവതി, ക്ഷിപ്ര, ഭീമ, താപ്തി, ചമ്പൽ, ഗോമതി, ചർമൺവതി, പമ്പ, ഭാരതപ്പുഴ, പെരിയാർ എന്നിവ.


आशंसा पूर्वक

SARASWATHI
Jewellery

Retail Dealers in
All Kinds of Silver Anklets, Vessels & Articles

Mele Palayam, Calicut - 673 001
Mob : 9895276234

# തിരുവള്ളുവരിന്റെ ക്ഷമ

വി.കൃഷ്ണ വാദ്ധ്യാർ

തിരുക്കുറളിന്റെ കർത്താവായ പുണ്യാത്മാവ് തിരുവള്ളുവർക്ക് സാരി നെയ്തു വിൽക്കലായിരുന്നു ജോലി. എത്രയോ ദിവസം കൊണ്ട് നെയ്തെടുത്ത ഒരു പട്ടുസാരിയുമായി അദ്ദേഹം വിൽക്കാനിറങ്ങി.ആദ്യം എത്തിയത് അഹങ്കാരിയായ ഒരു ധനികന്റെ വീട്ടിലായിരുന്നു.

അയാൾ ചോദിച്ചു. "എത്ര രൂപയാണ് ഈ സാരിയുടെ വില?"

"എട്ടുപണം" തിരുവള്ളുവർ സൗമ്യമായി പറഞ്ഞു. നല്ല വിലപിടിപ്പുള്ള സാരി ആ ധനികൻ രണ്ടായി മുറിച്ചു.

"ഇപ്പോൾ എന്താണ് വില"

"നാലുപണം വീതം"

സാരി ധനികൻ വീണ്ടും മുറിച്ചു

"ഇപ്പോഴോ?"

"ഓരോന്നിനും രണ്ടുപണം"

വീണ്ടും ആ അഹങ്കാരി ഒരു ദാക്ഷിണ്യവുമില്ലാതെ ഓരോ സാരിയും രണ്ടാക്കി കീറി

"ഇപ്പോഴോ?"

"ഓരോന്നിനും ഒരുപണം"

അക്ഷോഭ്യനായി തിരുവള്ളുവർ അത് പറഞ്ഞപ്പോൾ ധനികൻ പിന്നെ എന്തുചെയ്യണമെന്നറിയാതെ നിന്നു.

ഇത്രയും നല്ല സാരി.വില കൂടിയ സാരി. എത്രയോ ദിവസത്തെ പ്രയത്നം കൊണ്ട് നെയ്തെടുത്ത സാരി. തന്റെ ജീവിതമാർഗ്ഗമായ സാരി. വളരെ നിഷ്ഠുരമായി കീറി തുണ്ടം തുണ്ടമാക്കിയിട്ടും, മുഖത്ത് ദേഷ്യത്തിന്റെയോ അമർഷത്തിന്റെയോ ഒരുപാടുപോലുമില്ലാതെ ക്ഷമിച്ച ഈ മനുഷ്യൻ തീർച്ചയായിട്ടും ഒരു യോഗി തന്നെയായിരിക്കും തീർച്ച.

പശ്ചാത്താപ വിവശനായ ആ ധനികൻ തന്റെ അഹങ്കാരമൊക്കെ വിട്ടുകളഞ്ഞ് തിരുവള്ളുവരിന്റെ കാൽക്കൽ വീണ് മാപ്പിരന്നു.

# KANIPURA GROUP

## KANIPURA FINANCIERS
Achuthan Memorial Building
Beypore, Calicut - 673 015
Ph: 0495 2415386

## KANIPURA BANKERS
Achuthan Memorial Building
Beypore, Calicut - 673 015
Ph: 0495 2415386

## KANIPURA TRADERS
Beypore, Calicut - 673 015
Sole Distributors for:
Double Deer, Lal Qila, Bullet, Postman
& Wheel Brand Basmathi Rice
Ph: 0495 2416225

## KANWAS TRADING Pvt. Ltd.
Puthiyapalam - Calicut 673 002
Sole Distributors for:
Kohinoor Basmathi Rice, Melam Masala, Keon Oats
Ph: 0495 2301517

## കൊങ്കണി ഭക്തിഗാൻ

രചന:ശോഭാ ഉമാനാഥ്

ശിവശങ്കരാ ദേവാ........ ശിവശങ്കര ദേവാ...........
കാശിനാഥാ......... വിശ്വനാഥാ..........
ദൂരകരീ........ഭക്താംചി വ്യഥാ........।। ദുര ।।
കൈലാസവാസാ ഗൗരീശാ
ശ്മശാനവാസാ പരമേശാ
ഭക്ത രക്ഷകാ ജഗദീശാ ।। ദുരകരീ ।।
ഗജ ചർമ്മ വ്യഗ്രാംബരാ
ഭയനിവാരണ ശിവശങ്കരാ
ജഗദോധരാ ഉമാശങ്കരാ ।। ദുരകരീ ।।

### ശിവ ആരതി

ജയ്ദേവ് ജയ്ദേവ് ജയപരമേശാ
ആരതി ഓവാളു കൈലാസവാസാ ।।
ശ്മാശാനവാസാ പാർവ്വതീ രമണാ
ഭക്തജനാവരീ കരി കരുണാ ।।
റുണ്ടമാളാധാരീ ഹേ ശിവശങ്കരാ
സർപ്പഭൂഷണാ ഹേ ഗൗരിവരാ ।।
സർവ്വാംഗി വിഭൂതി സുന്ദരാ
വ്യാഗ്രാംബരധാരീ ഉമാശങ്കരാ ।।


आशंसा पूर्वक

सूरज ज्वेलर्स

कामत लेन, कालिकत - 673 001

PH : 2701420 (Off), 2330061 (Res)

# യുഗാദി

ഉമാ പി.പൈ

പുതുവത്സരത്തെ സ്വാഗതം ചെയ്തുകൊണ്ട് ആചരിച്ചുവരുന്ന ആഘോഷമാണ് (festival) യുഗാദി, പുതുവത്സരത്തിന്റെ ആരംഭം.

മഹാരാഷ്ട്ര, ആന്ധ്രാ, കർണ്ണാടക എന്നി സംസ്ഥാനങ്ങളിൽ അതായത് ചന്ദ്രമാനപഞ്ചാംഗം അനുസരിക്കുന്നവർ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ നടത്തുന്നു. തമിഴ്നാട്, കേരളം മുതലായ സംസ്ഥാനങ്ങളിൽ പൊങ്കൽ, **വിഷു മുതലായവയും.**

പുതുവത്സരത്തെ ആദരിച്ചുകൊണ്ട് അമ്പലങ്ങളിൽ പ്രത്യേക പൂജ, പഞ്ചാംഗ ശ്രവണം മുതലായവ നടത്താറുണ്ട്. പഞ്ചാംഗശ്രവണമെന്നുവച്ചാൽ ആ കൊല്ലത്തെ ഫലം. അതായത് അഭിവൃദ്ധി, കൃഷി, വ്യാപാരം മുതലായവയിൽ ലാഭനഷ്ടങ്ങൾ, കാലാവസ്ഥ പൊതുവെ ആയി ജനങ്ങളുടെ ആരോഗ്യ സ്ഥിതി മുതലായവയെപ്പറ്റി പ്രവചനം ചെയ്യാറുണ്ട്

വീടുകളിൽ പ്രത്യേകിച്ചും സ്ത്രീകൾ ഉത്സാഹത്തോടെ ചടങ്ങുകൾ നിർവ്വഹിക്കാറുണ്ട്. വീടുകളും, പരിസരങ്ങളും വൃത്തിയാക്കി, വീട്ടു വാതിൽക്കൽ മാവില, വേപ്പില എന്നിവയുടെ തോരണം കെട്ടി കോലം ഇട്ട് (രംഗോലി) അലങ്കരിക്കാറുണ്ട്. തൈലസ്നാനം, പുതുവസ്ത്രങ്ങൾ ധരിക്കൽ, വിഭവസമൃദ്ധമായ സദ്യ ഒരുക്കുകയും, ചിലർ അടുത്ത വീടുകളിൽ മധുര പലഹാരങ്ങൾ വിതരണം ചെയ്യാറുണ്ട്. നവദമ്പതികൾക്ക് ആരതി ഉഴിഞ്ഞ് സമ്മാനം കൊടുക്കുന്ന സമ്പ്രദായം ഉണ്ട് ഇക്കൊല്ലത്തെ പുതുവത്സരം എല്ലാ ജനങ്ങൾക്കും, എല്ലാവിധത്തിലും മംഗളകരമാകട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് ഈ ലേഖനം ചുരുക്കുന്നു.


आशंसा पूर्वक

LAKSHMI GROUP OF CONCERNS

LAKSHMI TRADING COMPANY
IOC Dealers
Fishing Harbour
Beypore
Calicut - 673 015

LAKSHMI TRADING
IOC Dealers
Mini Byepass Road
Mankavu
P.O. Thiruvannur
Calicut - 673 029

Phone : 2704438 / 4011538
Resi: 2702732 / 2356378

# MAHADEV TRADING COMPANY

Whole Sale Dealers in
Ground Nut
&
Ground Nut Seeds

13/914 BIG BAZAR
Calicut - 673001

# Haritha Tex

13/73, A-3, A-7, A-8, Ist Floor
Venkatesh Bazar, Kammath Lane
Calicut - 673 001. Ph: 0495 2703949

Shop : 2703949, Resi: 2701910,
Cell 9847229148

Distributor For......

ARJUN | JRS | MRP | TICSON
EURO MY DREAMS | candy | KAMBIT | Viking

*Our Sister Concerns*

METRO *Agencies* CLASSIC AGENCIES

आशंसा पूर्वक

SORUPA

13000mAh Power Bank



D.SUDHAKAR BALIGA
Contact No: 9995223233

Designated Partner
S. KRISHNANAND BALIGA
Contact No: 9656777735

आशंसा पूर्वक

SINCE 1890

H. VENKATESH NAIK

BULLION MERCHANTS & GOLD REFINERS

PALAYAM ROAD, CALICUT - 673 001

Off : 2701122, Res : 2768444

# KONKANI BHASHA PRACHAR SABHA

## BOOK RELEASE

The book titled "Kashi Madam Varadendra Tirtha Swami Kochi Kotwal Devasthana Jeernodharaku Krishna Narayana Mallaya Laghu Jeeva Charitra Satakam" a poem in 100 verses in Konkani with English translation written by N. Purushothama Mallaya Padmasri Awardee, Cochin as regards the life sketch of Krishna Narayana Mallaya, renovator of the historic temple built by Kotwal, the Police Chieftain of the Raja of Cochin was released in front of the Kotwal Temple deity, Maha Vishnu, placing the copy of the book in a Thattam (plate) before the deity by the temple. Priest Brahmasri Dinakara Bhat on the 7th day of November 2019 which is the 10th day of the bright half of the Lunar month Karthika (Dasami) observed as the day of remembrance of Krishna Narayana Mallaya leaving the mortal world for Heaven.

The Satakam given in brief the family background of Krishna Narayana Mallaya, his childhood days, education and direction given to him by Srimad Varadendra Tirtha Swami Madadhipathy of Sri Kashi Math Samsthan for the renovation of the temple to be done by him. Also the Satakam given the role played by his wife N.M. Saraswathi Bai the first woman teacher in Kerala who entered teaching profession defying orthodoxy in the year 1908 A.D.

The book which is the 14 th Satakam published by Konkani Bhasha Prachar Sabha, Cochin contains photographs of Kashi Madathipathy Srimad VaradendraThirtha Swami, his poorvashram elder brother Krishna Mallaya, Krishna Narayana Mallaya, his wife, all the deities worshipped in the temple, Mural paintings in the 'Garbha Griha' Sanctum Sanctorum, of the temple resembling the Mural paintings of the Mattancherry Dutch Palace of the 18th century. Also exhibited in one metal box made of brass called Chellan used to keep Betalnuts and Betal leaf presented to Krishna Mallaya the elder brother of Poorvashram of Swami Varadendra Thirtha Madathipathy of Shri Kashi Math Samsthan by Swami Srimad Sukritheendra Tirtha Madathipathy of Shri Kashi Math Samsthan which has a historical background in connection with Ashram sweekar of Swami

Sukritheendra as it was by selling the Chellam made of silver and money received by its sale paid the Ticket Examiner with fine for travelling from Ernakulam to Trichinapaly and after getting down from there went over Kashi Math premises with the boy whom Swami Varadendra Tirtha initiated him into Sanyas naming him Sukriteendra Tirtha to succeed him. It was said that Swamiji had said to Krishna Mallaya that " It is by selling Chellam you made us Swami". The Chellam is now in possession of N.Purushotham Mallaya which is preserved as Holy by him.

## Konkani Divas Celebrated

The celebration of 'Konkani Divas' the foundation day of the Konkani Bhasha Prachar Sabha, Cochin founded in the year 1966 was held at Konkani Bhasha Bhavan Hall, Cherlai, Cochin on 29th December 2019 at evening at 5 pm.

The meeting was started by Prayer done by Kumari Anjali Kini M. Padmasri N. Purushothama Mallaya lighted the oil lamp. As part of the celebration " Konkani Khana Bhandar Pracharam" propagation of Konkani food was inaugurated by Sri. P. Rangadasa Prabhu Managing Adhikari of T.D. Temple at Ernakulam.

Hon'ble Sri. S.Manohar Kini Retired District Ad.Sessions Judge Kerala delivered Presidential address.

A Prayer song sung in praise of Lord Venkateshwara of CochinThirumala Devaswom Temple with girl students by N.M. Saraswathi Bai wheen she took charge as Teacher at a tender age of 15 in the Girls Primary school run by Cochin Thirumala Devaswom, Cochin in the year 1908 was sung by Kumari Swetha P. Mallaya daughter of Prasenkumar N. Mallaya before the audience in remembrance of the late N.M.Saraswathi Bai.

Smt. Harsha Sadguru Shetye



Smt. Rajani Ashok Bhembre,

Presentation of N.M. Saraswathy Bai Sahitya Puraskar instituted by Sri T.V. Mohandas Pai Padmasri awardee of

Bengaluru in the name of N.M. Saraswathi Bai the first woman teacher in Kerala under the auspices of Konkani Bhasha Prachar Sabha carrying Rs. 25000/- cash with citation for the best Konkani Literary works created by women writers were presented to Smt. Rajani Ashok Bhembre, Goa for her book ' Hanee Gadhayele Goem', Essay for the year 2015 by Smt. Bindu Levin, Councillor, Cochin Muncipal Corporation and to Smt. Harsha Sadguru Shetye, Goa for her book "Katharang" story for the year 2016 by Smt. Syamala S. Prabhu Councillor, Cochin Muncipal Corporation.

Introducing the Award winners was done by Sri. P.Suresh Pai, Managing Committee Member of the Sabha. Receipients of the Award delivered their speeches in reply. Felicitation speech was delivered by Sri. P. Rangadasa Prabhu ETD Managing Adhikari and President EDRAAC Cochin. Adv. M.A.T. Pai President of Konkani Bhasha Prachar Sabha delivered welcome address. Sri. Manohar R. Shenoy Treasurer of the Sabha performed vote of thanks.

आशंसा पूर्वक

M/S. VARMAN ENTERPRISES

WD : ITC LTD
(CIGARTTES,BISCUITS,BINGO,CONFECTIONERY,
SOAPS,SHAMPOOS ETC.)

TP - 7/579A,
Near Mother Mary Hospital
Kovilakam Road,
THAMARASSERY - 673573

OFFICE : 0495-2224112
MOB : 98 95 65 25 45

## व्हार्डिक

The marriage of Chiranjeevi ROSHAN, son of Smt. Roopa S.Pai, President, Vanitha Vibhag of the Sabha and Shri. CA G. Santhosh Pai, a former President of the Sabha with Kumari GUNJAN, daughter of Smt. Heena and Shri. Deepak Jivatram Ramchandani, Nashik was solemnised on Wednesday, 26th February 2020 at Express Inn, Nashik.

## देहांत

SUSHEELA BAI (MUKTHA BAI - 94), wife of late Vamana Prabhu and daughter of late A. Mukunda Pai passed away on 19th February 2020 at Calicut. She is survived by sons, Shri. Govardhan V. Prabhu, Shri Radhakrishna Prabhu, Shri. Prakash Prabhu, Shri.Sreekanth Prabhu, daughters, Smt.Thara, Smt.Vijayakumari, Smt.Chandrika, Smt. Chithra, daughters in-law, Smt.Roopa, Smt.Deepa, Smt.Rekha, Smt.Revathy, sons in law, Shri.Viswanath Bhat, Shri. Dinesh Pai, Shri.Manohar Shenoi, Shri.Suresh Prabhu, and Shri Prabhakar Pai.

*Heartfelt condolenses to the bereaved members of the family*

आशंसा पूर्वक

Celebrating Successful
4 Decades
In wholesale Textile Business

42 Years

**SHENOY'S**

(Retail wedding saree
and festival saree division)

**SHENOY & COMPANY**
RAJAJI ROAD, CALICUT 673 004
Phone: 0495 4013434, 2720134
EMail: sd_shenoy@rediffmail.com

# खास दीस

## 2020 MARCH

| | | |
|---|---|---|
| 6 | Friday | : Ekadashi |
| 9 | Monday | : HOLI, Pournami, Kaamadhahanam |
| 12 | Thursay | : Sankashta Chathurthi, Chandrodayam at 9.29 pm. |
| 14 | Saturday | : Meena Samkramanam |
| 19 | Thursay | : Ekadashi |
| 20 | Friday | : Shravana Upavaasam |
| 24 | Tuesday | : Amaavasi, Falguna Maasa- Shishira Rithu- Vikaari Naama Samvatsara Avasaanam |
| 25 | Wednesday | : Shaarvari Naama Samvatsara Aarambham YUGADI (SAMSAAR PADAVO) |

आभार: श्री पाण्डुरंगा ट्रस्ट्

**SARASWATH VANI WISHES ALL THE READERS A HAPPY YUGADI**

Printed & Published by K Surendra Rao, Sooraj Jewellers, Kamath Lane, Calicut-673 001
for Samyuktha Gowd Saraswath Sabha, Calicut, Ph: 2701420.
Editor: K. Surendra Rao (Editor responsible for selection of news under the PRB Act.)
Printed at Kamala Offset, Calicut.

# H.VENKATESHA NAIK
## JEWELLERY

SINCE 1890

M.G ROAD • RAJAJI ROAD JN.• KOCHI • TEL: 0484-4041890
PALAYAM ROAD • KOZHIKODE • TEL: 0495-4021890

KOCHI• KOZHIKODE

# THE MOST TRUSTED DEALER OF

Hero & PIAGGIO

# IN MALABAR

CELEBRATING 25 YEARS

ACE GROUP

## ACE MOTORS (P) LTD.

LEELA TOWERS, KALLAI ROAD, CALICUT
PH : 0495 4062255, 4227777

Calicut | Tirur | Kuttippuram | Perinthalmanna | Malappuram | West Hill | Vadakara
Perambra | Thamarassery | Kanhangad | Kasaragod

സൺസൺ
നെല്ലിക്ക എണ്ണ
അസഹ്യമായ
ചൂടിൽ നിന്നും
തലമുടിയെ
സംരക്ഷിക്കുന്നു

COLLABORATION WITH NATURE • Sunson

# സൺസൺ
# നെല്ലിക്ക എണ്ണ

**യുവതിയുവാക്കളിലും കുട്ടികളിലും കാണുന്ന നെററികയറൽ,**
**40 വയസിനു താഴെ പ്രായമുള്ളവരിലും കുട്ടികളിലും കാണുന്ന നര,**
**യുവാക്കളുടെ മീശ, താടി വളർച്ചയില്ലായ്മ, മുടികൊഴിച്ചിൽ, താരൻ**
**എന്നിവയ്ക്ക് തുടർച്ചയായ ഉപയോഗത്തിലൂടെ ശമനം തരുന്നു**

പ്രമുഖ ആയുർവേദ/ഇംഗ്ലീഷ് മരുന്നു ഷോപ്പുകളിൽ അന്വേഷിക്കുക...

AN ISO 9001 : 2008 CERTIFIED COMPANY
Sunson® HERBAL PRODUCTS
SUNSON JUNCTION, PAYYANUR. TEL: 04985 205475

A Natural way in Health Care

*for more details contact...*
**SHIVAPRASAD S. SHENOY**
M.D., Sunson Herbals
Chairman - Surya Trust
Sunson Junction, Payyanur.
Tel: 04985 202177
www.sunsonherbals.co.in
Shivaprasad.S.Shenoy

RNI No. 29569/79 SARASWATHVANI Registered No: KL / CT / 104/ 2018-2020
Date of Publication: 01-03-2020